

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
ഡിസംബർ
Volume VI Issue 86

Times of America Online Monthly News Journal.
web:mytimesofamerica.com

Tel: 267-991-2111
e-mail:timesofamerica@yahoo.com


## കാലാവസ്ഥാ വ്യതിയാനം രാജ്യത്തിന്റെ പങ്ക് തിരിച്ചറിയുന്നു; ബറാക് ഒബാമ



*പാരീസ്:* കാലാവസ്ഥാ വ്യതിയാനത്തിൽ അമേരിക്കയുടെ പങ്ക് തിരിച്ചറിയുന്നതായും പ്രശ്നപരിഹാരത്തിനായി ശ്രമിക്കുമെന്നും പ്രസിഡന്റ് ബറാക് ഒബാമ.

ഭൂമിയെ നാശോന്മുഖമാക്കിയ ആഗോളതാപനത്തിന് പ്രതിവിധി തേടി 21-ാമത് യു.എൻ. കാലാവസ്ഥാ വ്യതിയാന ഉച്ചകോടിക്ക് തുടക്കം കുറിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു ഒബാമ.

ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്, ജർമൻ ചാൻസലർ അംഗലാ മെൽകൽ, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങി നൂറ്റിയമ്പതോളം ലോകനേതാക്കളാണ് രണ്ടാഴ്ചയോളം നീളുന്ന ഉച്ചകോടിയിൽ പങ്കെടുത്തത്.

ആഗോളതാപനത്തിനെതിരായ പോരാട്ടത്തിൽ ലോകം വഴിത്തിരിവിലാണെന്ന് പറഞ്ഞു. നാം പാരിസിലെത്തിയത് സ്വന്തം ജനതയേയും മൂല്യങ്ങളേയും സംരക്ഷിക്കാനുള്ള ഇച്ഛാശക്തിയുടെ ഭാഗമായാണ്. ഈ നിർണ്ണായസമ്മേളനം നടക്കണമെന്ന് തീരുമാനിച്ച പാരീസിലെ ജനങ്ങളെ അനുമോദിക്കുന്നു- ഒബാമ തുടർന്നു.

## കോമൺവെൽത്ത് ഉച്ചകോടി എലിസബത്ത് രാജ്ഞി ഉദ്ഘാടനം ചെയ്തു; കാലാവസ്ഥവ്യതിയാനം മുഖ്യവിഷയം

**ജോസ് കുമ്പിളുവേലിൽ**



*മാൾട്ട:* അമ്പത്തിമൂന്ന് കോമൺവെൽത്ത് രാജ്യങ്ങളിൽ നിന്നുള്ള നേതാക്കൾ പങ്കെടുക്കുന്ന ഉച്ചകോടി എലിസബത്ത് രാജ്ഞി മാൾട്ടയിൽ ഉദ്ഘാടനം ചെയ്തു. രണ്ടു വർഷം കൂടുമ്പോൾ സംഘടിപ്പിക്കുന്ന ഉച്ചകോടിയിൽ ഇക്കുറി കാലാവസ്ഥാ വ്യതിയാനമാണ് മുഖ്യ ചർച്ചാ വിഷയം.

തീവ്രവാദ പ്രവർത്തനങ്ങളെ നേരിടാൻ കോമൺവെൽത്ത് ഐക്യം രൂപീകരിക്കുമെന്ന് ഉച്ചകോടിയെ അഭിസംബോധന ചെയ്ത ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറോൺ പ്രഖ്യാപിച്ചു. ഇതിനായി യുകെ അഞ്ച് മില്യൻ പൗണ്ട് വകയിരുത്തുകയാണെന്നും അദ്ദേഹം അറിയിച്ചു.

ഫിലിപ് രാജകുമാരൻ, വില്യം രാജകുമാരൻ, കേറ്റ് മിഡിൽടൺ എന്നിവർക്കൊപ്പമാണ് രാജ്ഞി ഉച്ചകോടിക്കെത്തിയത്. വൻ സുരക്ഷാ സന്നാഹങ്ങൾ ഒരുക്കിയിരുന്നു. തന്റെ ജീവിതകാലത്തു തന്നെ ഇത്രയധികം നേട്ടങ്ങൾ സ്വരൂപിക്കാൻ കോമൺവെൽത്തിനു സാധിച്ചതിൽ അഭിമാനമുണ്ടെന്ന് രാജ്ഞി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

### കോമൺവെൽത്തിന് ആദ്യ വനിതാ സെക്രട്ടറി ജനറൽ



*ലണ്ടൻ:* കോമൺവെൽത്ത് രാജ്യങ്ങളുടെ കൂട്ടായ്മയ്ക്ക് ആദ്യ വനിതാ സാരഥി. മുൻ ബ്രിട്ടീഷ് അറ്റോർണി ജനറൽ പട്രീഷ്യ സ്കോട്ലൻഡാണ് പുതിയ കോമൺ വെൽത്ത് സെക്രട്ടറി ജനറൽ. 2016 ഏപ്രിൽ ഒന്നുമുതലാണ് സ്കോട്ലൻഡിനു ചുമതല. കരീബിയൻ രാജ്യമായ ഡൊമിനിക്കയിൽ ജനിച്ച 60കാരിയായ സ്കോട്ലൻഡ് മികച്ച വാഗ്മിയായയാണ് അറിയപ്പെടുന്നത്. ഇന്ത്യയുടെ കമലേഷ് ശർമയാണ് നിലവിൽ ചുമതല വഹിക്കുന്നത്.

### നൂറു ശ്രദ്ധേയ ഗ്രന്ഥകർത്താക്കളിൽ ഇന്ത്യൻ വംശജയും

*ന്യൂയോർക്ക്:* ഇന്ത്യൻ വംശജയായ പ്രിയാ പാർമറുടെ വനേസ ആൻഡ് ഹെർ സിസ്റ്റർ എന്ന നോവൽ 2015ലെ നൂറു ശ്രദ്ധേയ പുസ്തകങ്ങൾ എന്ന ന്യൂയോർക്ക് ടൈംസ് പട്ടികയിൽ സ്ഥാനംപിടിച്ചു. ചിത്രകാരിയായ വനേസ ബെൽ, അവരുടെ കൂടുതൽ പ്രശസ്തയായ സഹോദരി നോവലിസ്റ്റ് വിർജീനിയ വൂൾഫ് എന്നിവരുടെ ജീവിതമാണു നോവലിലെ വിഷയം. വിർജീനിയയ്ക്കു രണ്ടര വയസ് ഉള്ളപ്പോൾ അമ്മ മരിച്ചു. തുടർന്ന് അമ്മയുടെ സ്ഥാനത്ത് അന്നു കൗമാരക്കാരിയായ വനേസയായിരുന്നു.








## എം.കെ. കുര്യാക്കോസിന് പുരസ്കാരം മാർ നിക്കളാവോസ് സമർപ്പിച്ചു

ജോർജ് നടവയൽ



*ഫിലഡൽഫിയ:* ഫാ. എം. കെ.കുര്യാക്കോസിന്റെ നാൽപ്പതാം പൗരോഹിത്യ വാർഷികവേളയിൽ ട്രൈസ്റ്റേറ്റിലെ മാധ്യമ രംഗത്തെ പ്രതിനിധീകരിച്ച് ഏഷ്യാനെറ്റ് മാഗ്നറ്റ് അവാർഡും കേരളാ എക്സ്പ്രസ് ലൂമിനറി അവാർഡും സക്കറിയാ മാർ നിക്കളാവോസ് മെത്രാപ്പൊലീത്താ സമ്മാനിച്ചു. ഏഷ്യാനെറ്റിന്റെയും കേരള എക്സ്പ്രസിന്റെയും ഈ മലയാളിയുടെയും റീജണൽ മാനേജർ വിൻസന്റ് ഇമ്മാനുവേലും ബ്യൂറോ ചീഫ് ജോർജ് നടവയലും ആശംസകൾ നേർന്നു.

ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ഗുരുശ്രേഷ്ഠാ അവാർഡും പമ്പയുടെ ഗുഡ് ഷെപ്പേഡ് അവാർഡും നേരത്തേ കുര്യാക്കോസച്ചനു മലയാളി സമൂഹം സമ്മാനിച്ചിരുന്നു.

സാധാരണക്കാരായ ജനങ്ങളുടെ ആത്മീയവും മാനസികവുമായ പരിപോഷണത്തിന്, ക്രിസ്തുവിന്റെ സേവന ചൈതന്യത്തെ പിൻചെന്ന്, സദാ ജാഗരൂകനായി, യുവപ്രസരിപ്പോടെ, കലവറയില്ലാതെ, വലിപ്പ ചെറുപ്പം നോക്കാതെ, പണവും മഹിമയും നോക്കാതെ, തികഞ്ഞ ഒരു സാമൂഹിക പ്രവർത്തകനായി, ആത്മീയ ഗുരുവായി, എല്ലാവരുടെയും മിത്രമായി, കുടുംബ കൗൺസിലറായി, സാംസ്കാരിക പ്രവർത്തകനായി, കർഷകനായി, സ്പോർട്സ്മാനായി, സംഗീത വാദ്യോപകരണ വാദകനായി, കുഞ്ഞുങ്ങളെയും യുവാക്കളെയും പ്രായമായവരെയും പ്രോത്സാഹിപ്പിക്കുന്നവനായി, പ്രസംഗവും പ്രവർത്തനവും ഒരുമിപ്പിക്കുന്നവനായി, ഗുരുവായി, ഇടയനായി, ഗായകനായി, പ്രഭാഷകനായി, വാഗ്മിയായി, ലൈബ്രേറിയനായി, സാംസ്കാരിക നാട്ടുക്കൂട്ടത്തിന്റെ രക്ഷാധികാരിയായി, ആരാലും അറിയാതെ ഒടുങ്ങാത്ത ജീവ കാരുണ്യ പ്രവർത്തകനായി, ഒരു സൂര്യ തേജസുപോലെ കർമ്മ നിരതനായ എം.കെ കുര്യാക്കോസ് അച്ചന്റെ വിനയത്തെയും ലാഭേച്ഛയില്ലാത്ത രീതികളെയും പ്രശ്ന നിവാരണനയങ്ങളെയും മുക്തകണ്ഠം അനുസ്മരിച്ചു.

## അഞ്ചുവർഷത്തിനിടെ പാക്കിസ്ഥാനിൽ തീവ്രവാദി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടത് 8,500 പേർ

*ഇസ്ലാമാബാദ്:* കഴിഞ്ഞ അഞ്ചു വർഷത്തിനിടെ പാക്കിസ്ഥാനിൽ വിവിധ തീവ്രവാദി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടത് 8,500ലേറെപ്പേർ. 5,988 പേർക്കു മാരകമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. പാക്കിസ്ഥാൻ ആഭ്യന്തര മന്ത്രാലയം തയാറാക്കിയ റിപ്പോർട്ട് കഴിഞ്ഞ ദിവസം ദേശീയ അസംബ്ലിയിൽ അവതരിപ്പിച്ചു.

സർക്കാരിനു കാര്യമായ സ്വാധീനമില്ലാത്ത ഗോത്ര മേഖലകളിലാണ് കൂടുതൽ പേർക്കു ജീവൻ നഷ്ടപ്പെട്ടിരിക്കുന്നത്. ഫത്ത മേഖലയിൽ മാത്രം 1,470 പേർ അഞ്ചു വർഷത്തിനിടെ ബോംബ് സ്ഫോടനത്തിലോ വെടിവയ്പിലോ കൊല്ലപ്പെട്ടിട്ടുണ്ട്. 2,761 പേർക്കു ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. സിന്ധ് മേഖലയിൽ 342, പഞ്ചാബിൽ 342, ബലൂചിസ്ഥാനിൽ 435, ഖയ്ബറിൽ 351 എന്നിങ്ങനെയാണ് മരണപ്പെട്ടവരുടെ കണക്ക്.

കൊല്ലപ്പെട്ടവരിൽ കൂടുതലും സുരക്ഷാസൈനികരും സർക്കാർ ഉദ്യോഗസ്ഥരുമാണ്. 3,157 പേർക്കാണ് ഇത്തരത്തിൽ ജീവൻ നഷ്ടമായത്.

ഇക്കാലയളവിൽ 173 തീവ്രവാദികളെ തൂക്കിലേറ്റി. സിന്ധിലാണ് കൂടുതൽ പേരെ വധശിക്ഷയ്ക്കു വിധിച്ചത്– 106. പഞ്ചാബിൽ 64 പേരെയും. 200ലേറെ തീവ്രവാദികൾ വധശിക്ഷ കാത്തുകിടക്കുന്നു. സിന്ധ് (98), പഞ്ചാബ് (81) എന്നിങ്ങനെയാണ് കണക്കുകൾ. 2001ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം 55,000 പാക് പൗരന്മാർ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണു കണക്ക്.

പാക് സമ്പദ്വ്യവസ്ഥയെയും തീവ്രവാദികളുടെ കടന്നുകയറ്റം ദോഷകരമായി ബാധിച്ചു. ഇക്കാലയളവിൽ 100 ബില്യൺ ഡോളറാണ് പാക്കിസ്ഥാനു നഷ്ടമായത്. പല അന്താരാഷ്ട്ര കമ്പനികളും ആ രാജ്യത്തെ സാന്നിധ്യം വിദേശത്തേക്കു മാറ്റുകയോ പൂട്ടുകയോ ചെയ്തു.

## വടക്കൻ അയർലൻഡിൽ മലയാളി കുടുംബത്തിനു നേരേ ആക്രമണം



*ലണ്ടൻ:* വടക്കൻ അയർലൻഡിൽ മലയാളി കുടുംബത്തിനു നേരേ ആക്രമണം. ഇവരുടെ വീടിനു ബോംബെറിയുകയും കാർ അഗ്നിക്കിരയാക്കുകയും ചെയ്തു. ബോംബ് മുറ്റത്തു വീണു പൊട്ടിയതിനാൽ കൂടുതൽ അപകടമുണ്ടായില്ല. കാർ കത്തിനശിച്ചു.

വടക്കൻ അയർലൻഡിലെ ഒരു ചെറുപട്ടണത്തിൽ നടന്ന സംഭവം വംശീയാക്രമണമായാണു പോലീസ് കണക്കാക്കുന്നത്. കൗണ്ടി അൻട്രിമിലെ കാർഡിയാക് നേഴ്സായ സുബി ഫിലിപ്പിന്റെ വാഹനമാണു രാത്രി ആരോ തീവച്ചു നശിപ്പിച്ചത്. ഇവർ ഇവിടെ കഴിഞ്ഞ പത്തു വർഷമായി താമസിച്ചുവരികയാണ്. അൻട്രിം ഏരിയ ഹോസ്പിറ്റലിലെ നഴ്സായ സുബിയുടെ ഭർത്താവ്, പിതാവിന്റെ മൃതസംസ്കാരത്തിനായി നാട്ടിൽ പോയപ്പോഴാണു സംഭവം. രണ്ടു കുട്ടികളുമായി താമസിക്കുന്ന താൻ ഭയന്നുപോയെന്നും തക്കസമയത്ത് അയൽക്കാർ രക്ഷയ്ക്കെത്തിയെന്നും സുബി മാധ്യമങ്ങളോടു പ്രതികരിച്ചു. വീടിനും ജനാലകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

അതേസമയം, ഇവർക്കു പുതിയ കാർ വാങ്ങിക്കൊടുക്കാൻ പ്രദേശത്തെ കൗൺസിലറുടെ നേതൃത്വത്തിൽ അയൽക്കാർ ഓൺലൈൻ പിരിവ് നടത്തി അയ്യായിരം പൗണ്ട് (അഞ്ചു ലക്ഷം രൂപ) ശേഖരിച്ചിട്ടുണ്ട്.

## മാലി യുഎൻ ക്യാമ്പിൽ തീവ്രവാദി ആക്രമണം

*ബാമക്കോ:* ആഫ്രിക്കൻ രാജ്യമായ മാലിയിൽ ഐക്യരാഷ്ട്ര സഭയുടെ സമാധാന സേനയുടെ ബേസ് ക്യാമ്പിലുണ്ടായ റോക്കറ്റാക്രമണത്തിൽ മൂന്നു മരണം. 20ലേറെ പേർക്കു പരിക്കേറ്റു. ഗിനിയയിൽനിന്നുള്ള സമാധാന സേനാംഗങ്ങളാണ് മരിച്ചവരിൽ രണ്ടുപേർ. ആക്രമണത്തിനു പിന്നിൽ ഏതു തീവ്രവാദി ഗ്രൂപ്പാണെന്നു വ്യക്തമല്ല. ഈ മാസം 20നു തലസ്ഥാനത്തെ അമേരിക്കൻ ഹോട്ടലിൽ 19 പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിനുശേഷം രാജ്യത്തു നടക്കുന്ന വലിയ ആക്രമണമാണിത്. ഇസ്ലാമിക് തീവ്രവാദികൾ സജീവമായ രാജ്യങ്ങളിലൊന്നാണ് മാലി.

## സാതാനിക് വേഴ്സസ് തെറ്റായിപ്പോയെന്നു മുൻ ആഭ്യന്തരമന്ത്രി ചിദംബരം

*ന്യൂഡൽഹി:* സൽമാൻ റുഷ്ദിയുടെ സാതാനിക് വേഴ്സസ് എന്ന നോവൽ രാജീവ്ഗാന്ധി സർക്കാർ നിരോധിച്ചതു തെറ്റായിപ്പോയെന്നു മുൻ ആഭ്യന്തരമന്ത്രിയും കോൺഗ്രസ് നേതാവുമായ പി. ചിദംബരം. ഇക്കാര്യം സമ്മതിക്കുന്നതിൽ തനിക്കു മടിയില്ലെന്നും ഒരു പൊതുപരിപാടിയിൽ പങ്കെടുത്തുകൊണ്ടു ചിദംബരം പറഞ്ഞു. രാജ്യത്ത് അസഹിഷ്ണുത വർധിച്ചുവരികയാണ്. അതു ഗൗരവമായി കാണേണ്ടതാണ്.മിതവാദമല്ല തീവ്രവാദമാണിത്. മിതവാദം ജയിക്കുന്നിടത്തു തീവ്രവാദം തോല്ക്കും. ജനാധിപത്യവും സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടണം– ചിദംബരം പറഞ്ഞു.

## വിമാനം നിർമിച്ച സജി തോമസിന്റെ ജീവിതകഥ ഡിസ്കവറി ചാനലിൽ




*കൊച്ചി:* ശാരീരിക വൈകല്യത്തോടു പൊരുതി ജീവിതത്തിൽ ഉയരങ്ങൾ കീഴടക്കിയ തൊടുപുഴ തട്ടക്കുഴ സ്വദേശി സജി തോമസിനെ ഡിസ്കവറി ചാനൽ ആദരിക്കുന്നു.

വെല്ലുവിളികളെ അതിജീവിച്ചു നിശ്ചയദാർഢ്യത്തോടെ ഉയരങ്ങൾ താണ്ടിയവരെ ലോകത്തിനു പരിചയപ്പെടുത്തുന്ന എച്ച്ആർ എക്സ് ഹീറോസ് വിത്ത് ഹൃത്വിക് റോഷൻ പരമ്പരയിലാണ് സജി തോമസിന്റെ ജീവിത നേട്ടങ്ങൾ കാഴ്ചവയ്ക്കുന്നത്.

ജന്മനാ ബധിരനും മൂകനുമായ സജി തോമസിന്റെ കുട്ടിക്കാലം മുതലുള്ള വലിയ ആഗ്രഹമായിരുന്നു വിമാനം നിർമിക്കുകയെന്നത്. ശാരീരിക വൈകല്യത്തിന്റെ പ്രതിബന്ധങ്ങൾ മുന്നിലുണ്ടായിരുന്നെങ്കിലും അവയെല്ലാം മറികടന്ന് സജി ഇന്ത്യൻ വ്യോമസേനയിലെ റിട്ടയേഡ് കമാൻഡറായ എസ്.കെ.ജെ. നായരുടെ മാർഗദർശനത്തിനു കീഴിൽ തന്റെ സ്വപ്നം സാക്ഷാത്കരിച്ചു. ഇന്നു രാത്രി ഒൻപതിനാണു ഡിസ്കവറി ചാനൽ സജി തോമസിന്റെ പ്രചോദനമേകുന്ന കഥ ആദ്യം സംപ്രേഷണം ചെയ്യുന്നത്.

ഡിസ്കവറി ചാനലിന്റെ എച്ച്ആർഎക്സ് ഹീറോസ് വിത്ത് ഹൃത്വിക് റോഷൻ പരമ്പരയിൽ ഒരു യഥാർഥ ഹീറോ ആയി അവതരിപ്പിക്കപ്പെടുന്നത് ഒരു അംഗീകാരവും ബഹുമതിയുമാണെന്നു സജി തോമസ് പറയുന്നു. മറിയയാണ് സജിയുടെ ഭാര്യ.

പ്രാരാബ്ധങ്ങളോടും വെല്ലുവിളികളോടും ഏറ്റുമുട്ടി വിജയം വരിച്ച ഒമ്പതു ഹീറോകളെയാണ് ഡിസ്കവറി ചാനൽ ആദരിക്കുന്നത്. സജിയോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട സുധാചന്ദ്രൻ മലയാളിക്കു പരിചിതയാണ്. ഒരു കാൽ നഷ്ടപ്പെട്ടിട്ടും നൃത്തം ചെയ്യുന്ന സുധാചന്ദ്രൻ സിനിമയിലും നൃത്തവേദിയിലും നിറസാന്നിധ്യമാണ്.

## ഹൂസ്റ്റൺ സോക്കർ ടൂർണമെന്റ്: എഫ്സിസി ചാമ്പ്യന്മാർ

*ഹൂസ്റ്റൺ:* ഹൂസ്റ്റണിലെ മലയാളി സോക്കർ ക്ലബായ ഹൂസ്റ്റൺ സ്ട്രൈക്കേഴ്സിന്റെ ആഭിമുഖ്യത്തിൽ പ്രമുഖ മലയാളി ക്ലബുകൾ പങ്കെടുത്ത സോക്കർ ടൂർണമെന്റിൽ ഫുട്ബോൾ ക്ലബ് ഓഫ് കരോൾട്ടൻ (എഫ്സിസി) ചാമ്പ്യന്മാരായി. ഫൈനലിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് എഫ്സിസി വിജയ കിരീടമണിഞ്ഞത്. ഹൂസ്റ്റൺ സ്ട്രൈക്കേഴ്സാണ് റണ്ണേഴ്സ് അപ്.

ഡാളസിൽ കഴിഞ്ഞ മാസം നടന്ന ടെക്സസ് ഓപ്പൺ കപ്പ് ടൂർണമെന്റിലും എഫ് സിസി ട്രോഫി നേടിയിരുന്നു.

For Advertisement Tel: 267-991-2111
CONTACT US

# വെള്ളാപ്പള്ളിക്ക് വർഗീയഭ്രാന്ത്: കോടിയേരി

*തിരുവനന്തപുരം:* കോഴിക്കോട് മാൻഹോൾ ദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെ മരിച്ച നൗഷാദിനെ അപഹസിച്ച വെള്ളാപ്പള്ളി നടേശനു വർഗീയഭ്രാന്താണെന്നു സിപി എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പ്രസ്താവനയിൽ പറഞ്ഞു.

ചങ്ങലയ്ക്കിടേണ്ട വർഗീയ ഭ്രാന്തിലാണു താനെന്ന വിളംബരമാണ് ഇത്തരം പ്രസ്താവനകളിലൂടെ വെള്ളാപ്പള്ളി നടത്തിയിരിക്കുന്നത്. വർഗീയവിഷം ചീറ്റുന്നതിൽ ആർഎസ്എസിനോടും ശിവസേനയോടും മത്സരിക്കുകയാണു വെള്ളാപ്പള്ളി.

നൗഷാദിന്റെ കുടുംബത്തിനു സഹായം നൽകുന്നതു മുസ്‌ലിം ആയതുകൊണ്ടാണെന്നും മുസ്‌ലീമായി മരിക്കാൻ കൊതിക്കുന്നു എന്നുമുള്ള അഭിപ്രായങ്ങൾ കേരളീയ സംസ്കാരത്തെ അപമാനിക്കുന്നതാണ്. അപരന്മാരുടെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ ബലിയർപ്പിച്ച ഒരു മാതൃകാജീവിതത്തെ അപഹസിച്ചതിലൂടെ മനുഷ്യസ്നേഹമെന്ന വികാരത്തെയാണ് വെള്ളാപ്പള്ളി മലിനമാക്കിയത്. ജാതിയും മതവുമൊന്നും നോക്കിയല്ല രണ്ടു മനുഷ്യജീവനുകളെ രക്ഷിക്കാൻ നൗഷാദ് ശ്രമിച്ചതെന്നും കോടിയേരി പറഞ്ഞു.

# മുൻസർക്കാരിന്റെ പിൻതുടർച്ചയാണ് മോദി സർക്കാർ: രാം ജെത് മലാനി




*കൊച്ചി:* മുൻ സർക്കാരിന്റെ അതേ നിലപാടു തന്നെയാണ് നരേന്ദ്ര മോദി സർക്കാരും പിന്തുടരുന്നതെന്നു നിയമജ്ഞൻ രാം ജെത് മലാനി എംപി.

സംസ്ഥാന പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പബ്ലിക് പ്രോസിക്യൂട്ടർമാർക്കായി എറണാകുളം താജ് ഗേറ്റ്‌വേ ഹോട്ടലിൽ സംഘടിപ്പിച്ച വെള്ളക്കോളർ കുറ്റങ്ങൾ സംബന്ധിച്ച ശില്പശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുക്കപ്പെട്ടു പ്രധാനമന്ത്രിയായാൽ വിദേശത്തെ ബാങ്കുകളിൽ നിക്ഷേപിച്ച 9,000 ലക്ഷം കോടി ഇന്ത്യക്കാരുടെ കള്ളപ്പണം പുറത്തുകൊണ്ടുവന്ന് ഓരോ കുടുംബത്തിനും 15 ലക്ഷം രൂപ വിതരണം ചെയ്യുമെന്നു വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ നരേന്ദ്രമോദി ഇപ്പോൾ കള്ളപ്പണത്തെക്കുറിച്ചു മൗനം അവലംബിക്കുകയാണ്. ഈ കാപട്യത്തെ ചോദ്യം ചെയ്തതിനെത്തുടർന്നാണു തനിക്കു ബിജെപിക്കു പുറത്തേക്കു പോകേണ്ടിവന്നത്.

ഉദ്ഘാടന ചടങ്ങിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി. ആസഫലി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ വി.സി. ഇസ്മയിൽ സ്വാഗതം പറഞ്ഞു. നാഷണൽ ജുഡീഷൽ അക്കാഡമി സ്ഥാപക ഡയറക്ടർ ഡോ.എൻ. ആർ. മാധവ മേനോൻ, അഡ്വക്കേറ്റ് ജനറൽ കെ.പി. ദണ്ഡപാണി, കർണാടക മുൻ അഡ്വക്കറ്റ് ജനറൽ ബി.വി. ആചാര്യ, അഡീഷണൽ അഡ്വക്കറ്റ് ജനറൽ കെ.എ. ജലീൽ തുടങ്ങിയവർ സംബന്ധിച്ചു. തുടർന്നു രണ്ടു സെഷനുകളിലായി സെമിനാറുകളും നടന്നു.

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടോം ജോസ് പടിഞ്ഞാറേക്കര, പബ്ലിക് പ്രോസിക്യൂട്ടർമാരായ പി.കെ. സജീവൻ, കെ.ബി.രണേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

# പ്രഥമ ചാൻസലേഴ്സ് അവാർഡ് കേരള സർവകലാശാലയ്ക്ക്



*തിരുവനന്തപുരം:* മികച്ച സർവകലാശാലയ്ക്കായി ഗവർണർ പ്രഖ്യാപിച്ച പ്രഥമ ചാൻസലേഴ്സ് അവാർഡ് കേരള സർവകലാശാലയ്ക്ക്.

അഞ്ചു കോടി രൂപയും സ്വർണം പൂശിയ റോളിംഗ് ട്രോഫിയും അടങ്ങുന്നതാണ് അവാർഡ്. അവാർഡ് വൈകാതെ വിതരണം ചെയ്യുമെന്നു ഗവർണർ ജസ്റ്റീസ് പി. സദാശിവം അറിയിച്ചു.

കേരളത്തിലെ 11 സർവകലാശാലകളുടെ അക്കാഡമിക് നിലവാരം അടക്കമുള്ള വിവരങ്ങൾ വിദഗ്ധ സമിതി വിലയിരുത്തിയ ശേഷമാണ് അവാർഡ് പ്രഖ്യാപിച്ചത്. സർവകലാശാലകളുടെ ചാൻസലർ കൂടിയായ ഗവർണർ പലപ്പോഴായി വിളിച്ചു ചേർത്ത യോഗങ്ങളുടെയും വിദഗ്ധ സമിതി റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണു മികച്ച സർവകലാശാലയെ കണ്ടെത്തിയത്.

ഗവർണറും സെലക്ഷൻ സമിതിയും അടക്കമുള്ള വിദഗ്ധ സമിതി വിവിധ ഘട്ടങ്ങളിലായി യോഗം ചേർന്നു റിക്കാർഡുകളും വീഡിയോ പ്രസന്റേഷനും ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനം വിലയിരുത്തിയാണ് അവാർഡ് നിർണയിച്ചത്. അവാർഡ് തുക സംസ്ഥാന സർക്കാരിന്റെ അടുത്ത ബജറ്റിൽ ഉൾപ്പെടുത്തിനൽകും. ഇതു സർവ കലാശാലയുടെ മൂലധനച്ചെലവിനായി വിനിയോഗിക്കാം.

# നിയമസഭയിലുണ്ടായ അക്രമം: ആറുപേർക്കെതിരെ കേസെടുത്തു



*തിരുവനന്തപുരം:* ബജറ്റ് അവതരണത്തിനിടെ നിയമസഭയിലുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് ആറു പ്രതിപക്ഷ എംഎൽഎമാർക്കെതിരേ ക്രൈംബ്രാഞ്ച് ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി കേസെടുത്തു.

കഴിഞ്ഞ മാർച്ച് 13ന് ബജറ്റ് അവതരണത്തിനിടെ നടന്ന അക്രമത്തിൽ സ്പീക്കറുടെ ഡയസ് തകർത്ത കേസിൽ പ്രതിപക്ഷ എംഎൽഎമാരായ ഇ.പി. ജയരാജൻ, വി. ശിവൻകുട്ടി, കെ. കുഞ്ഞഹമ്മദ്, സി.കെ. സദാശിവൻ, കെ. അജിത്ത്, കെ.ടി. ജലീൽ എന്നിവർക്കെതിരായുള്ള പ്രഥമ വിവര റിപ്പോർട്ടാണ് തിരുവനന്തപുരം അസിസ്റ്റന്റ് സെഷൻസ്കോടതിയിൽ ക്രൈംബ്രാഞ്ച് സമർപ്പിച്ചത്.

ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാകുന്നതോടെ ഇവരെ പ്രതികളാക്കി അന്തിമറിപ്പോർട്ട് സമർപ്പിക്കും. ജില്ലാ പബ്ലിക് പ്രോസിക്യൂട്ടറിൽനിന്നു നിയമോപദേശം തേടിയ ശേഷമാണ് അന്വേഷണ സംഘം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചത്. എംഎൽഎമാർക്കെതിരേ കേസെടുക്കാൻ സ്പീക്കറുടെ അനുമതി വേണ്ടെന്നു നിയമ സെക്രട്ടറിയും അറിയിച്ചിരുന്നു. പോലീസ് നടപടി നിയമസഭയുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്നു പ്രതിപക്ഷം ആരോപിച്ചു.

നിയമസഭാ സെക്രട്ടറി, നിയമസഭയിലെ വാച്ച് ആൻഡ് വാർഡ്, ജീവനക്കാർ എന്നിവരുടെ മൊഴികളുടെയും വീഡിയോ ദൃശ്യങ്ങളുടെയും അടിസ്ഥാനത്തിലാണ് അക്രമത്തിന് നേതൃത്വം നൽകിയവരെ തിരിച്ചറിഞ്ഞത്. ഇതു സംബന്ധിച്ച ഫോറൻസിക് റിപ്പോർട്ട് ഉടൻ ലഭിക്കും. എംഎൽഎമാരുടെ പങ്ക് ഔദ്യോഗികമായി തെളിയിക്കുന്നതിന് വീഡിയോ ദൃശ്യങ്ങളുടെ ശാസ്ത്രീയ പരിശോധനാഫലംകൂടി ലഭിക്കേണ്ടതുണ്ട്.

ബാർ കോഴയിൽ ആരോപണവിധേയനായ അന്നത്തെ ധനമന്ത്രി കെ.എം. മാണി ബജറ്റ് അവതരിപ്പിക്കുന്നതു തടയാൻ ശ്രമിച്ച ഇവർ സ്പീക്കറുടെ ഡയസിലെ കംപ്യൂട്ടറും മൈക്കും കസേരയും അടക്കം രണ്ടു ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിച്ചുവെന്നാണു ക്രൈംബ്രാഞ്ചിന്റെ കണ്ടെത്തൽ.

നിയമസഭാ സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസാണു കേസെടുത്ത് എഫ്ഐആർ തയാറാക്കിയത്. കന്റോൺമെന്റ് എസിപി സുരേഷ് കുമാറിനായിരുന്നു അന്വേഷണ ചുമതല. എന്നാൽ, കൂടുതൽ അന്വേഷണം വേണ്ടിവരുന്ന കേസായതിനാൽ കേസ് ക്രൈംബ്രാഞ്ചിനു വിടാൻ ആഭ്യന്തരവകുപ്പ് തീരുമാനിക്കുകയായിരുന്നു.

പൊതുമുതൽ നശിപ്പിച്ച എംഎൽഎമാർക്കെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് തൃശൂർ സ്വദേശിയായ പി.ഡി. ജോസഫ് സമർപ്പിച്ച ഹർജി പരിഗണിക്കവെ ചീഫ് ജസ്റ്റീസ് അശോക് ഭൂഷൺ, ജസ്റ്റീസ് എ.എം. ഷഫീഖ് എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് സംസ്ഥാന സർക്കാരിനോട് നേരത്തേ റിപ്പോർട്ട് തേടിയിരുന്നു. വനിത എം.എൽ.എമാരെ കൈയ്യേറ്റം ചെയ്ത കേസിന്റെ റിപ്പോർട്ട് ഇതുവരെ കോടതിയിൽ സമർപ്പിച്ചിട്ടില്ല.

# വാട്സ് ആപ് വിവാദം: എഡിജിപി അന്വേഷണം തുടങ്ങി

*കോഴിക്കോട്:* വാട്സ് ആപ് വിവാദത്തിൽപ്പെട്ട് നടക്കാവ് പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ എ.പി.ഷാജി (43) ജീവനൊടുക്കാനിടയായ സംഭവത്തെക്കുറിച്ച് ഉത്തര മേഖലാ എഡിജിപി നിതിൻ അഗർവാൾ അന്വേഷണം ആരംഭിച്ചു.

സിറ്റി പോലീസ് കമ്മീഷണർ, സ്പെഷൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ പി.എ. ബാലൻ, വിവരം മാധ്യമങ്ങൾക്ക് ചോർത്തി നല്കിയതായി സംശയിക്കുന്ന സേനാംഗം തുടങ്ങിയവരിൽ നിന്ന് എഡിജിപി ഇന്നു മൊഴി എടുക്കുമെന്നറിയുന്നു. വിവാദചിത്രം ഷാജി പോസ്റ്റ് ചെയ്ത വാട്സ് ആപ് ഗ്രൂപ്പിൽ എസ്പിസി നോഡൽ ഓഫീസർ പി. വിജയൻ, ജഡ്ജിമാർ, സിറ്റി പോലീസ് കമ്മീഷണർ തുടങ്ങിയവർ അംഗങ്ങളാണ്.

ഗ്രൂപ്പിൽ എത്തിയ ചിത്രം സിറ്റി പോലീസ് കമ്മീഷണർ കണ്ടിരുന്നു. ചിത്രം തെളിവായതിനാൽ ഉടൻതന്നെ സസ്പെൻഡ് ചെയ്യാവുന്നതാണെങ്കിലും ഷാജിയെക്കുറിച്ച് അന്വേഷിച്ച കമ്മീഷണർ പെട്ടെന്നുള്ള നടപടി ഒഴിവാക്കുകയായിരുന്നു. പ്രാഥമിക അന്വേഷണത്തിനായി സ്പെഷൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. ചിത്രം ഷാജിയുടെ ഫോണിൽനിന്ന് ഗ്രൂപ്പിൽ എത്തിയതായി അദ്ദേഹം റിപ്പോർട്ട് നല്കി.

കമ്മീഷണർ ഓഫീസിൽ നിന്നു സസ്പെൻഷൻ ഉത്തരവ് കൈപ്പറ്റിയ ഷാജി വീട്ടിൽ എത്തിയതിനു പിന്നാലെ സംഭവം പുറംലോകമറിഞ്ഞതാണ് ആത്മഹത്യക്കു കാരണമെന്ന് കരുതുന്നു.

# ഒരാദിവാസി കുടിലിന്റെ ചിത്രമല്ലായിത്; തഴക്കര ഗ്രാമപഞ്ചായത്തിലെ ഒരു കുടുംബമാണിത്



മാവേലിക്കര: തഴക്കര ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ ഒരു വീടാണിത്. ഇവർ അധികാരികളുടെ സഹായത്തിനായി കാത്തിരിക്കുന്നു. ഇവർക്കുവേണ്ടി ആരാണ് ഇറങ്ങിത്തിരിക്കുക.

ബാലകൃഷ്ണൻ ഭവാനി വൃദ്ധദമ്പതികൾക്ക് സർക്കാരിന്റെ എല്ലാവിധ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിട്ടും ചോദിക്കുവാനും പറയുവാനും ആരുമില്ലാത്തതിന്റെ പേരിൽ അതെല്ലാം വർഷങ്ങളായി നിരാകരിക്കപ്പെടുന്നു.

വെള്ളപ്പൊക്കത്തിൽ തിരിച്ചറിയൽ കാർഡ് ഒഴികെയുള്ള രേഖകളെല്ലാം ഇവർക്ക് നഷ്ടപ്പെട്ടു. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ മകൾക്കെഴുതിക്കൊടുത്ത മൂന്നു സെന്റ് സ്ഥലത്ത് ഷീറ്റുവിരിച്ച മേൽക്കൂരയ്ക്കുള്ളിൽ ഭവാനിയും ബാലകൃഷ്ണനും തീരാരോഗത്തിന്റെ പിടിയിലമർന്നു കഴിയുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ ഇവരുടെ പേരില്ലാത്തതിനാൽ ജനപ്രതിനിധികളും ഇവർക്കൊപ്പമില്ല. സൗജന്യ ചികിത്സ ലഭിക്കണമെങ്കിൽ ഇവർക്കൊരു റേഷൻ കാർഡ് ഉണ്ടാകേണ്ടതുണ്ട്. നമ്പരില്ലാത്ത വീടിന് റേഷൻ കാർഡ് നൽകുവാൻ വ്യവസ്ഥയില്ലെന്നാണ് തദ്ദേശഭരണാധികാരികൾ ഇവരെ പറഞ്ഞു ധരിപ്പിച്ചിരിക്കുന്നത്. നഷ്ടപ്പെട്ട റേഷൻ കാർഡിന്റെ ഡ്യൂപ്ലിക്കേറ്റാണ് ഇവർക്കുവേണ്ടത്. അതു കിട്ടുന്നതിനുവേണ്ടി നിയമപരമായി എന്താണ് ചെയ്യേണ്ടതെന്നും ഇവർക്കറിഞ്ഞുകൂടാ. അതിനായി ഇറങ്ങിത്തിരിക്കുവാനുള്ള കഴിവും ആരോഗ്യവും ഇവർക്കില്ല. വസ്തുവിന്റെ ഉടമയായ മകൾക്ക് പട്ടയം കിട്ടിയത് മൂവാറ്റുപുഴയിലാണ്. വൃദ്ധമാതാപിതാക്കളെ പരിചരിക്കുവാൻ അവർക്ക് മനസ്സില്ല. ഈ വസ്തു തിരിച്ചുപിടിച്ചു ഇവർ ക്കു നൽകുവാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.



ഹൃദ്രോഗിയായ ഭവാനി നട്ടെല്ലിനു ക്ഷതം സംഭവിച്ച അവസ്ഥയിലാണ്. ഭർത്താവ് ബാലകൃഷ്ണൻ അടിവയറ്റിൽ വലിയൊരു മുഴയുമായി ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ഭാര്യയെ പരിചരിച്ചു കഴിയുന്നു. ഭവാനിക്കുമാത്രം ഒരാഴ്ചയിൽ 650 രൂപയുടെ മരുന്നാണ് വേണ്ടത്. ഒന്നും ഒരു മുറിയും വാങ്ങി തീരാവേദനയിൽ ഇവർ കഴിയുന്നു.

*പിന്നാക്കവിഭാഗത്തിൽപ്പെട്ടവർ, സീനിയർ സിറ്റിസൺസ്, രോഗബാധിതർ*- ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിട്ടും ഇവർക്കുവേണ്ടി വാദിക്കുവാൻ ആരും മുന്നോട്ടു വരുന്നില്ല. പെയ്ത്തുവെള്ളം വീഴാത്ത ഒരു വീട് ഇവരുടെ സ്വപ്നമാണ്. മകൾ വന്നു സംരക്ഷിക്കുമെന്നത് പ്രത്യാശയാണ്. ഇതിനിടയിൽപ്പെട്ട് ഈ രണ്ടു ജീവിതങ്ങൾ രോഗത്തോടും വേദനയോടും മല്ലടിക്കുന്നു. അയൽപ്പക്കത്തുള്ളവരുടെ കാരുണ്യമാണ് ഇതുവരെയും ഇവരെ പിടിച്ചുനിർത്തിയത്. അവരും ജീവിതപ്രാരാബ്ധങ്ങളിൽപ്പെട്ടവരാണ്.

ഈ സാഹചര്യത്തിലാണ് ഗുരു നിത്യചൈതന്യയതി ഫൗണ്ടേഷന്റെ പ്രവർത്തകർ ഒരിത്തിരിവെട്ടവുമായി അവിടേക്ക് കടന്നുചെന്നത്. മാവേലിക്കര തഹസീൽദാർ പി.എസ്.സ്വർണ്ണ ഫൗണ്ടേഷൻ ആദ്യ ചികിത്സാ സഹായം ഇവർക്കു നൽകി. റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള പരിശ്രമത്തിലാണിപ്പോൾ. വീടുനില്ക്കുന്ന സ്ഥലം മകൾ ഭവാനിക്ക് തിരിച്ചു നൽകിയാൽ ഭവനദാനപദ്ധതിയിൽ ഇവരും ഇടം നേടും. അതിനിയും എത്ര നാളുകൾ കാത്തിരിക്കേണ്ടിവരും.

ഇവർക്കായി ചോർച്ചയില്ലാത്ത ഒരു താല്ക്കാലിക വീട് ഉണ്ടാകേണ്ടതുണ്ട്. വീട്ടുമുറ്റത്തുകൂടി വൈദ്യുതി കടന്നുപോകുന്നു. വൈദ്യുതി വെളിച്ചം ലഭിക്കുവാനും ഇവർക്കർഹതയുണ്ട്. ഇനി എത്ര നാൾ എന്നു ഭവാനി പറയുമ്പോഴും ആ കുറച്ചുനാളുകളിലേക്കുള്ള ഇത്തരം അനുകൂല സാഹചര്യം ഇവർക്ക് ഉണ്ടാകേണ്ടതുണ്ട്. ഫൗണ്ടേഷനോടൊപ്പം നിങ്ങളും പങ്കാളിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഫൗണ്ടേഷൻ ഡയറക്ടർ ജോർജ് തഴക്കര ഫോൺ 9447355710 georgethazhakara @gmail.com



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# തിരുപ്പിറവിയെ വരവേൽക്കാൻ ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ ഒരുങ്ങി




**ബെന്നി പരിമണം**

*ഷിക്കാഗോ:* യേശുക്രിസ്തുവിന്റെ തിരുപ്പിറവിയെ കൊണ്ടാടുന്ന ക്രിസ്മസ് ആഘോഷങ്ങൾക്ക് ഷിക്കാഗോ ഒരുങ്ങി. എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ഷിക്കാഗോയുടെ 32-ാമത് ക്രിസ്മസ് ആഘോഷം ഡിസംബർ അഞ്ചിനു (ശനി) വൈകുന്നേരം അഞ്ചിന് ആരംഭിക്കും.

ഡസ്പ്ലയിൻസിലുള്ള മെയിൻ ഈസ്റ്റ് ഹൈസ്കൂൾ ഓഡിറ്റോറിയം വേദിയാകുന്ന ആഘോഷങ്ങൾക്ക് ഷിക്കാഗോയിലെ മലയാളി സമൂഹം സാക്ഷ്യം വഹിക്കും. ഷിക്കാഗോ സീറോ മലബാർ രൂപത സഹായ മെത്രാൻ മാർ ജോയ് ആലപ്പാട്ട് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് ക്രിസ്മസ് സന്ദേശം നൽകും.

ഷിക്കാഗോയിലെ വിവിധ ക്രൈസ്തവ സഭകളിലെ 16 ദേവാലയങ്ങളിൽനിന്നു മിശിഹായുടെ തിരുജനനത്തെ അനുസ്മരിപ്പിക്കുന്ന ഗാനങ്ങളും നൃത്തങ്ങളും ദൃശ്യാവിഷ്കാരങ്ങളും നയന മനോഹാരിത തീർക്കുന്ന മുഹൂർത്തങ്ങൾ സമ്മാനിക്കും. വ്യത്യസ്തവും പുതുമയാർന്നതുമായ പരിപാടികൾ ആകർഷണീയമാക്കുന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്ന ഒരു ഭാഗ്യവാനെ തെരഞ്ഞെടുത്ത് സാബു അച്ചേട്ട് സ്പോൺസർ ചെയ്തിരിക്കുന്ന സമ്മാനം സാന്താക്ലോസ് ആഘോഷങ്ങൾക്കു നവ്യാനുഭൂതി നൽകും.

സമ്മേളനത്തിൽ എക്യുമെനിക്കൽ വോളിബോൾ, ബാസ്കറ്റ്ബോൾ വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്യും. ചടങ്ങിൽ എക്യുമെനിക്കൽ കൗൺസിൽ നൽകിയ സാമ്പത്തിക സഹായത്താൽ പൂർത്തിയാക്കിയ കേരളത്തിലെ ഭവനരഹിതർക്കായി നിർമിച്ച വീടിന്റെ താക്കോൽദാനം നടക്കും. കൗൺസിൽ അംഗങ്ങൾ അണിനിരക്കുന്ന ഘോഷയാത്രയോടെ ആരംഭിക്കുന്ന ആഘോഷങ്ങളിൽ പ്രത്യേക പ്രാർഥനയും നടക്കും.

ആഘോഷ പരിപാടികളുടെ വിജയത്തിനായി എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. റവ. ബിനോയ് പി. ജേക്കബ് (ചെയർമാൻ), ജോൺസൻ കണ്ണൂക്കാടൻ (ജനറൽ കൺവീനർ), മറിയാമ്മ പിള്ള (ജോ. കൺവീനർ) എന്നിവർ പ്രവർത്തിക്കുന്നു.

# ജോൺ ബ്രിട്ടാസിന് പുരസ്കാരം



**ജോസ് കണിയാലി**

*ഷിക്കാഗോ:* വിസ്മയ വാക്കുകൾ കൊണ്ട് ദൃശ്യ മാധ്യമ രംഗത്തെ കവിതാത്മകമാക്കിയ കൈരളി ടിവി മാനേജിംഗ് ഡയറക്ടർ ജോൺ ബ്രിട്ടാസിന് ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പുരസ്കാരമായ മാധ്യമരത്ന നാഷണൽ പ്രസിഡന്റ് ടാജ് മാത്യു സമ്മാനിച്ചു.

കേരളത്തിൽ നിന്നെത്തിയ അതിഥികളായ തോമസ് ഉണ്ണിയാടൻ എംഎൽഎ, രാജു ഏബ്രഹാം എംഎൽഎ, കേരള മീഡിയ അക്കാഡമി ചെയർമാനും ദീപികയുടെ ഡെപ്യൂട്ടി എഡിറ്ററുമായ സെർജി ആന്റണി, ഏഷ്യാനെറ്റ് ന്യൂസ് കോഓർഡിനേറ്റിംഗ് എഡിറ്റർ പി.ജി. സുരേഷ് കുമാർ, മനോരമ ഓൺലൈൻ കണ്ടന്റ് കോഓർഡിനേറ്റർ സന്തോഷ് ജോർജ് ജേക്കബ്, ഗുരുരത്നം ജ്ഞാന തപസ്വി, പ്രസ്ക്ലബ് നാഷണൽ ജനറൽ സെക്രട്ടറി വിൻസന്റ് ഇമ്മാനുവൽ, ട്രഷറർ ബിജു കിഴക്കേക്കുറ്റ്, വൈസ് പ്രസിഡന്റ് ജോസ് കാടാപുറം, കൺവൻഷൻ ചെയർമാൻ ജോസ് കണിയാലി, അഡ്വൈസറി ബോർഡ് ചെയർമാൻ മാത്യു വർഗീസ്, വൈസ് ചെയർമാൻ മധു കൊട്ടാരക്കര, പ്രസിഡന്റ് ഇലക്ട് ശിവൻ മുഹമ്മ, പ്രസ്ക്ലബ് ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി സണ്ണി പൗലോസ് തുടങ്ങിയവർ പുരസ്കാര സമർപ്പണത്തിന് സാക്ഷികളായി.

ഇന്ത്യ പ്രസ്ക്ലബിന്റെ മൂല്യമേറിയ അവാർഡാണ് മാധ്യമരത്ന. പത്രപ്രവർത്തന രംഗത്തുള്ള സംഭാവനകൾക്കൊപ്പം ഇന്ത്യ പ്രസ്ക്ലബുമായുള്ള ബന്ധവും ആധാരമാക്കി നിർണയിക്കപ്പെടുന്നതാണ് ഈ അവാർഡ്.

ജോൺ ബ്രിട്ടാസ് ഇന്ത്യ പ്രസ് ക്ലബിന്റെ കുടുംബാംഗം തന്നെയാണെന്ന് ടാജ് മാത്യു അനുമോദന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

അത്യധികം സന്തോഷത്തോടെയാണ് ഈ ബഹുമതി കൈപ്പറ്റുന്നതെന്ന് ജോൺ ബ്രിട്ടാസ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. സുഹൃത്തുക്കൾ നൽകുന്ന ഈ ബഹുമതി ഏറെ സന്തോഷം നൽകുന്നു. അമേരിക്കയിലെ മലയാള മാധ്യമരംഗം ഇത്രയേറെ സജീവമാക്കിയെടുത്ത ഇന്ത്യ പ്രസ്ക്ലബുമായി തനിക്കുള്ള ബന്ധവും അദ്ദേഹം അനുസ്മരിച്ചു.

# എൻഎജിസി 9–ാമത് വാർഷികം

*ഷിക്കാഗോ:* നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഷിക്കാഗോയുടെ ഒമ്പതാമതു വാർഷികാഘോഷം അറോറ ബാലാജി ക്ഷേത്രത്തിലെ പഞ്ചവടി ഓഡിറ്റോറിയത്തിൽ (1145 സുള്ളിവൻ റോഡ്, അറോറ, 60506) വച്ചു ഡിസംബർ അഞ്ചാം തീയതി വൈകുന്നേരം നാലു മുതൽ വിവിധ പരിപാടികൾ, മണ്ഡലകാല ആഘോഷം എന്നിവയോടുകൂടി നടത്തുന്നതാണ്.

ആഘോഷപരിപാടികളുടെ നടത്തിപ്പിലേക്കായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും അതിനു പ്രയത്നിച്ച എല്ലാ ഭാരവാഹികളോടും അംഗങ്ങളോടും പ്രസിഡന്റ് എം.എൻ.സി. നായർ നന്ദി അറിയിച്ചു. കൂടാതെ ഒമ്പതാമത് വാർഷികാഘോഷത്തിൽ എല്ലാ അംഗങ്ങളും അഭ്യുദയകാംക്ഷികളും കുടുംബസമേതം പങ്കെടുക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. കൂടുതൽ വിവരങ്ങൾക്കും പങ്കുചേരാനും വിളിക്കുക: എം.എൻ.സി. നായർ (217 649 1146), ജയരാജ് നാരായണൻ (847 943 7643), രാജ് നായർ (847 942 8036). സതീശൻ നായർ അറിയിച്ചതാണിത്.

# കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക യൂത്ത് ഫോറത്തിന്റെ ഉദ്ഘാടനം നടന്നു



*ഷിക്കാഗോ:* കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ഇളം തലമുറയായ യൂത്ത് ഫോറത്തിന്റെ 2015–17 വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ഡിട്രോയിറ്റിൽ വെച്ച് നടന്നു. ചിന്മയാമിഷൻ യുവകേന്ദ്രയുടെ പ്രമുഖ സംഘാടകനും, വാഗ്മിയുമായ ആചാര്യ വിവേകും, കെഎച്ച്എൻഎ പ്രസിഡന്റ് സുരേന്ദ്രൻ നായരും ചേർന്ന് ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നിർവഹിച്ചു. 'ടൈം മാനേജ്മെന്റ്, ഫോർ മൈന്റ് മാനേജ്മെന്റ്' എന്ന വിഷയത്തെ ആസ്പദമാക്കി യൂത്ത് ഫോറത്തിന്റെ ആദ്യ പ്രഭാഷണം ആചാര്യ വിവേക് നിർവഹിച്ചു.

അമേരിക്കയുടെയും കാനഡയുടെയും ഏതു ഭാഗത്തു നിന്നും പങ്കെടുക്കാവുന്ന രീതിയിൽ സംഘടിപ്പിച്ച വീഡിയോ കോൺഫറൻസ് നേരിട്ട് പഠിക്കാൻ സാധിക്കാത്തവർക്ക് വലിയ അനുഗ്രഹമായി. യൂത്ത് ഫോറം ചെയർമാൻ ശബരി സുരേന്ദ്രൻ ആമുഖ പ്രസംഗവും കോ-ഓർഡിനേറ്റർ വിനോദ് വരപ്രവൻ സാങ്കേതിക മേൽനോട്ടവും നിർവഹിച്ചു. ജനറൽ സെക്രട്ടറി രാജേഷ് കുട്ടി ആശംസകൾ അർപ്പിക്കുകയും മിഷിഗൺ ചാപ്റ്റർ വൈസ് പ്രസിഡന്റ് മനോജ് കൃഷ്ണൻ, സെക്രട്ടറി പ്രസന്ന മോഹൻ, സുനിൽ പൈങ്കോൾ, ഉഷാ കുമാർ തുടങ്ങിയവർ യുവജനങ്ങളെ സംഘടിപ്പിക്കാൻ നേതൃത്വം നൽകുകയും ചെയ്തു.

# നാമം എക്സലൻസ് അവാർഡ് നൈറ്റ് 2016 മാർച്ച് 19ന് ന്യൂജേഴ്സിയിൽ

**വിനീത നായർ**





*ന്യൂജേഴ്സി:* പ്രമുഖ പ്രവാസി സംഘടനയായ നാമത്തിന്റെ എക്സലൻസ് അവാർഡ് നൈറ്റ് 2016 മാർച്ച് 19-നു നടത്തുമെന്നു പ്രസിഡന്റ് ഡോ. ഗീതേഷ് തമ്പി അറിയിച്ചു.

ന്യൂജേഴ്സിയിലെ എഡിസനിലുള്ള റോയൽ ആൽബർട്ട്സ് പാലസിൽ മാർച്ച് 19-നു വൈകുന്നേരം സംഘടിപ്പിക്കുന്ന വിപുലവും വർണ്ണാഭവുമായ ചടങ്ങിൽ ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിലെ ഉന്നത വ്യക്തികളും, സംഘടന നേതാക്കളും, സാമൂഹ്യ സാംസ്കാരിക മാധ്യമ രംഗങ്ങളിലെ പ്രമുഖരും പങ്കെടുക്കും. മലയാളികളെയും ഉത്തരേന്ത്യൻ സമൂഹത്തെയും ഒരുമിച്ചു അണിനിരത്തിക്കൊണ്ട്, വിവിധ മേഖലകളിൽ ഉന്നത വിജയം കൈവരിക്കുകയും സാമൂഹ്യ സേവനം നടത്തുകയും ചെയ്യുന്ന പ്രഗത്ഭരെയാണ് നാമം എക്സലൻസ് അവാർഡുകൾ നല്കി ആദരിക്കുന്നത്.

# ഫൊക്കാന വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ അവയവദാനത്തിനുള്ള സമ്മതപത്ര ശേഖരണം വൻ വിജയം



*ന്യൂയോർക്ക്:* ഫൊക്കാനാ വിമൻസ് ഫോറത്തിന്റെ നേതൃതത്തിൽ അവയവദാനത്തിനുള്ള സമ്മതപത്ര ശേഖണം വൻ വിജയമായിരുന്നുവെന്നു വിമൻസ് ഫോറം ചെയർപേഴ്സൺ ലീലാ മാരേട്ട്, വൈസ് പ്രസിഡന്റ് ലത കറുകപ്പള്ളിൽ എന്നിവർ അറിയിച്ചു. പതിനഞ്ചോളം ഡോണഴ്സ് സമ്മതപത്രം നൽകുകയും അവന്യൂ യോർക്ക് സ്റ്റേറ്റ് അവയവദാനത്തിനുള്ള വോളണ്ടിയേഴ്സായ സാറാമ്മ മാത്യുവും ഷീബ ഡേവിഡും കൈപ്പറ്റുകയുണ്ടായി. അമേരിക്കയിൽ മാത്രം അവയവദാനത്തിന്റെ കുറവ് കൊണ്ടു ദിവസവും എട്ടു പേരെങ്കിലും മരിക്കുകയും പതിനായിരത്തിൽ അധികം ആളുകൾ അവയവദാനത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു എന്നാണ് കണക്ക്.

പ്രസിഡന്റ് ജോൺ പി. ജോൺ, സെക്രട്ടറി വിനോദ് കെയാർകെ, ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പള്ളിൽ തുടങ്ങി നിരവധി ആളുകൾ പങ്കെടുത്തു. വിമൻസ് ഫോറം ദേശിയ ചെയർപേഴ്സൺ ലീലാ മാരേട്ട്, ശോശാമ്മ വർഗീസ് (പ്രസിഡന്റ്), ലത കറുകപ്പള്ളിൽ (വൈസ് പ്രസിഡന്റ്), ജെസി ജോഷി (സെക്രട്ടറി),ബാല വിനോദ് (ട്രഷറർ), ജെസി കാനാട്ട് (ജോയിന്റ് സെക്രട്ടറി), റെനി ജോസ് (ജോയിന്റ് ട്രഷറർ), ഷൈനി ഷാജാൻ എന്നിവർ നേതൃത്വം നൽകി.

**ശ്രീകുമാർ ഉണ്ണിത്താൻ**

# ഭദ്രാസനത്തിന്റെ സതേൺ റീജിയൻ ഫാമിലി ആൻഡ് യൂത്ത് കോൺഫ്രൻസ് ജൂൺ 29 മുതൽ




**ചാർളി. വി പടനിലം**

*ഓസ്റ്റിൻ:* മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ സതേൺ റീജിയൻ ഫാമിലി ആൻഡ് യൂത്ത് കോൺഫ്രൻസ് 2016 ജൂൺ രണ്ടു വരെയുള്ള ദിവസങ്ങളിൽ ഓസ്റ്റിൻ ഹൈലാൻഡ് ലേക്ക് കോൺഫ്രൻസ് സെന്ററിൽ നടക്കും.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഹുമൻറിസോഴ്സ് സെന്റർ ഡയറക്ടർ റവ. ഫാ. പി.എ ഫിലിപ്പ് മുഖ്യാതിഥി ആയിരിക്കും. കോൺഫറൻസിന്റെ പ്രവർത്തനങ്ങൾക്കായി റവ. ഫാ. സാം മാത്യു (ഓസ്റ്റിൻ) ഡയറക്ടർ, റവ. ഫാ. ജോയൽ മാത്യു (ഹൂസ്റ്റൻ), ജോയിന്റ് ഡയറക്ടർ, ചാർളി പടനിലം (കൗൺസിൽ മെംബർ) സെക്രട്ടറി, കുര്യൻ പണിക്കർ (ഓസ്റ്റിൻ), ട്രഷറർ എന്നിവരെ നിയമിച്ചതായി ഭദ്രാസന മെത്രാപ്പോലീത്ത അലകസിയോസ് മാർ യൂസബിയോസ് മെത്രാപ്പോലീത്ത കൽപനയിലൂടെ അറിയിച്ചു. പ്രാദേശിക പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കുമെന്നു ഫാ. സാം മാത്യു അറിയിച്ചു.

# ഇന്ത്യ പ്രസ്ക്ലബ് നാഷണൽ കൺവൻഷൻ: പ്രസന്നൻപിള്ളയെ ആദരിച്ചു



*ഷിക്കാഗോ:* മൂന്നു ദിവസമായി ഷിക്കാഗോയിൽ നടന്ന ഇന്ത്യ പ്രസ്ക്ലബ് നാഷണൽ കൺവൻഷന്റെ വിജയത്തിനായി സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിയ പ്രസന്നൻപിള്ളയെ രാജു ഏബ്രഹാം എംഎൽഎ പൊന്നാട അണിയിച്ച് ആദരിച്ചു.

കൺവൻഷൻ തീഷ്ണമായ മാധ്യമ ചർച്ചകളിലൂടെ കടന്നു പോയപ്പോഴും ഉദ്ഘാടന സമ്മേളനത്തിലും ഇന്ത്യ പ്രസ്ക്ലബിന്റെ മാധ്യമരത്ന അവാർഡ് ജോൺ ബ്രിട്ടാസിന് നൽകുമ്പോഴും സമാപന ചടങ്ങിലും കൺവൻഷന്റെ വിവിധ പരിപാടികളെ കോർത്തിണക്കി ഓരോ ദിവസത്തെ ഫോട്ടോയും വീഡിയോയും സ്ക്രീനിൽ കാണിച്ച് സദസിലുള്ളവരെ എപ്പോഴും ലൈവാക്കാൻ ഇന്ത്യ പ്രസ്ക്ലബിന്റെ വെബ് കൺട്രോളർ എന്ന നിലയിൽ പ്രസന്നൻപിള്ളയുടെ വിശ്രമമില്ലാത്ത പ്രവർത്തനം മികവുറ്റതായിരുന്നുവെന്ന് ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ചടങ്ങിൽ പ്രസ് ക്ലബ് പ്രസിഡന്റ് ടാജ് മാത്യു, ശിവൻ മുഹമ്മ, ജോസ് കണിയാലി, ജോസ് കാടാപുറം, ബിജു കിഴക്കേകുറ്റ് എന്നിവർ സന്നിഹിതരായിരുന്നു. ഷിക്കാഗോയിൽ സീനിയർ സോഫ്റ്റ് വെയർ എൻജിനിയറായി ജോലി നോക്കുന്ന പ്രസന്നൻ പ്രസ്ക്ലബ് ഷിക്കാഗോ ചാപ്റ്റർ മെംബർ കൂടിയാണ്.

**വാർത്തകൾക്ക്...**
Tel: 267-991-2111 e-mail
:georgethazhakara@gmail.com

## ഫാ. പൗലോസ് ടി. പീറ്റർ പൗരോഹിത്യ രജത ജൂബിലി നിറവിൽ

*ന്യൂയോർക്ക്:* വൈറ്റ് പ്ലെയിൻസ് സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് വികാരിയും ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ എക്യുമെനിക്കൽ ഡയറക്ടറുമായ ഫാ. പൗലോസ് ടി. പീറ്റർ വൈദിക ജീവിതത്തിന്റെ രജതജൂബിലി ആഘോഷിച്ചു.

നവംബർ 15നു (ഞായർ) വൈറ്റ് പ്ലെയിൻസ് സെന്റ് മേരീസ് പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയിൽ സഖറിയ മാർ നിക്കൊളോവോസിന്റെ സാന്നിധ്യത്തിൽ ജൂബിലേറിയൻ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്നു നടന്ന അനുമോദന യോഗത്തിൽ സഖറിയ മാർ നിക്കൊളോവോസ് അധ്യക്ഷത വഹിച്ചു. പ്രാർഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ഫാ. പൗലോസ് ടി. പീറ്ററിന്െറ മക്കളായ ഡോ. നിധി വർഗീസ്, ഡോ. താര പൗലോസ്, ജോർജ് പൗലോസ് എന്നിവർ സദസിനു സ്വാഗതം അരുളി. കേലബ് പാലപ്പിള്ളി കവിത ചൊല്ലി. ഷൈന ജോൺ, വിൽസൺ മത്തായി, ജോർജ് പീറ്റർ, തോമസ് ജോർജ്, പോൾ സി. കുര്യാക്കോസ്, മറിയാമ ബേബി, ഡോ. താര ജോർജ്, വർഗീസ് പ്ലാമൂട്ടിൽ റോബിൻ വിൽസൺ, ജോർജ് പൗലോസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ജസ്ന, ഷോണ, സെറീന എന്നിവരുടെ സമൂഹ ഗാനം, ആഞ്ജല ജോൺ, ലിസി മർക്കോസ്, മിനി ജിജി, നിക്കോളാസ് ജേക്കബ് എന്നിവരും സൺഡേ സ്കൂൾ കുട്ടികളും ഗാനങ്ങൾ ആലപിച്ചു. അലീന ജോണി, ഷോണ ജറിൻ എന്നിവരുടെ നൃത്തവും അരങ്ങേറി.

പൗരോഹിത്യ രജതജൂബിലിയുടെ ഭാഗമായി തയാറാക്കിയ സ്മരണിക ഗ്രന്ഥം 'കൃപയിൻ ചിറകടിയിൽ' (Under Gracious Wings) സഖറിയ മാർ നിക്കൊളോവോസിനു ആദ്യ കോപ്പി നൽകി ഫാ. പൗലോസ് പീറ്റർ പ്രകാശനം ചെയ്തു. കഴിഞ്ഞ കാൽ നൂറ്റാണ്ടോളമുള്ള കാലയളവിൽ തനിക്ക് ജൂബിലേറിയനുമായുള്ള ഏറ്റവും അടുത്ത സ്നേഹബന്ധത്തെ അനുസ്മരിക്കുകയും ഫാ. പൗലോസ് ടി. പീറ്ററിന് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചു.

പൗരോഹിത്യ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇടവകജനങ്ങളും ബന്ധുമിത്രാദികളും ചേർന്ന് ജീവകാരുണ്യ പ്രവർത്തനത്തിനായി സ്വരൂപിച്ച തുകയുടെ ചെക്ക് ഫാ. പൗലോസിനു രജതജൂബിലി ആഘോഷങ്ങളുടെ ട്രഷററായി പ്രവർത്തിച്ച തോമസ് ജോർജ് കൈമാറി. പ്രസ്തുത തുക കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ പഠനം നടത്തുന്ന സാമ്പത്തിക സഹായം അർഹിക്കുന്ന വൈദിക വിദ്യാർഥികൾക്കു സ്കോളർപ്പ് നൽകുന്നതിനായി വിനിയോഗിക്കുമെന്ന് അറിയിച്ചു. ഇതിനായി നാട്ടിലേക്കു യാത്ര ചെയ്യുന്ന സഖറിയ മാർ നിക്കൊളോവോസിനു തുക കൈമാറുകയും ചെയ്തു.

റോബിൻ വിൽസനും ജോർജ് പൗലോസും ഫാ. പൗലോസിന്റെ പൗരോഹിത്യജീവിതത്തെയും ജീവചരിത്രത്തെയും കോർത്തിണക്കിയ വീഡിയോ അവതരിപ്പിച്ചു. വിശുദ്ധ മദ്ബഹയിൽ അച്ചനോടൊപ്പം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും പ്രതിനിധീകരിച്ച് പാരിതോഷികവും അവർ സമ്മാനിച്ചു.

മറുപടി പ്രസംഗത്തിൽ തന്റെ കുടുംബവും സുഹൃത്തുക്കളും ഇടവകജനങ്ങളുമടങ്ങുന്ന വിശാല കുടുംബവും തന്നോട് നാളിതുവരെ കാട്ടിയ സ്നേഹ വാത്സല്യങ്ങൾക്കും സഹകരണത്തിനും ഫാ. പൗലോസ് ടി. പീറ്റർ നന്ദി പറഞ്ഞു. പള്ളിയെ പ്രതിനിധീകരിച്ച് ട്രഷറർ വത്സ ജോയി നന്ദി പറഞ്ഞു.

കോലഞ്ചേരി താമരച്ചാലിൽ പരേതരായ ഫാ. ടി.ഐ. പീറ്ററിന്റെയും പോത്താനിക്കാട് ചീരകത്തോട്ടം കുടുംബാംഗമായ സാറാമ്മയുടെയും പുത്രനാണ് ഫാ. പൗലോസ് ടി. പീറ്റർ. ഡോ. അമ്മു പൗലോസാണ് ഭാര്യ. ഡോ. നിധി വർഗീസ്, ഡോ. താരാ പൗലോസ്, ജോർജ് പൗലോസ് എന്നിവർ മക്കളും ജേക്കബ് വർഗീസ് മരുമകനുമാണ്.

## കുടുംബനവീകരണ ധ്യാനം

**മാർട്ടിൻ വിലങ്ങോലിൽ**

*കാലിഫോർണിയ:* ക്രിസ്മസിനോരുക്കമായി 'കെയ്റോസ്' ടീം നയിക്കുന്ന കുടുംബ നവീകരണ ധ്യാനം സാന്റാ അന്ന, ന്യൂ ജേഴ്സി, ഷിക്കാഗോ എന്നിവിടങ്ങളിൽ നടക്കും.

പ്രശസ്ത ധ്യാന ഗുരുവും ആതിരമ്പുഴ കാരിസ്ഭവൻ ഡയറക്ടറുമായ ഫാ. കുര്യൻ കാരിക്കൽ എംഎസ്എഫ്എസ്, അനുഗ്രഹീത വചന പ്രഘോഷകൻ ബ്രദർ റെജി കൊട്ടാരം, ക്രിസ്തീയ ഗായകനും ഗാന സംവിധായകനുമായ പീറ്റർ ചേരാനെല്ലൂർ എന്നിവരാണ് കെയ്റോസ് ടീമിൽ ആത്മീയ വർഷമൊരുക്കുന്നത്.

ഡിസംബർ നാല്, അഞ്ച്, ആറ് തീയതികളിൽ സാന്റാ അന്ന സെന്റ് തോമസ് സീറോ മലബാർ കാത്തലിക് ഫൊറോന ദേവാലയത്തിലും ഡിസംബർ 11, 12, 13 തീയതികളിൽ ക്രൈസ്റ്റ് ന്യൂ ജേഴ്സി ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കാത്തലിക് മിഷനിലും ഡിസംബർ 18, 19, 20 തീയതികളിൽ ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കാത്തലിക് മിഷനിലുമാണ് ധ്യാനം. സാന്റാ അന്നയിലും ഷിക്കാഗോയിലും യുവജനങ്ങൾക്ക് പ്രത്യക ധ്യാനം ഉണ്ടായിരിക്കും. വചനശുശ്രൂഷയും സ്തുതി ആരാധനയും രോഗികകൾക്കായുള്ള പ്രത്യേക പ്രാർഥനയും കൗൺസിലിംഗും, ഗാനശുശ്രൂഷയും ധ്യാനത്തിന്റെ ഭാഗമായിരിക്കും. വിവരങ്ങൾക്ക്: ജിസ് ജേക്കബ് 863 877 6277.

## വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ സെമിനാർ നടത്തി



**ജോസ് കാടാപ്പുറം**

*ന്യൂയോർക്ക്:* അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനയായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ 'ഇൻവെസ്റ്റ്മെന്റ് ആൻഡ് റിട്ടയർമെന്റ് പ്ലാൻ' സെമിനാർ യോങ്കേഴ്സിലുള്ള മുബൈ പാലസ് ഓഡിറ്റോറിയത്തിൽ നടത്തി.

സെമിനാറിൽ വിവിധ ഇൻവെസ്റ്റ്മെന്റ് പ്ലാനുകളെ കുറിച്ചും റിട്ടയർമെന്റ് ഇൻവെസ്റ്റ്മെന്റ് എങ്ങനെ കൂടുതൽ പ്രയോജനകരമാക്കാമെന്നും മെറ്റ് ലൈഫ് കമ്പനി പ്രതിനിധി ജോർജ് ജോസഫ് വിവരിച്ചു.

അമേരിക്കയിൽ എത്തിയ മലയാളികളുടെ ആദ്യ തലമുറ റിട്ടയർമെന്റ് ജീവിതത്തിലേക്ക് കടന്നുകൊണ്ടിരിക്കുന്നു. ഇത്തരം വിഷയങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുക എന്ന ഉദ്ദേശത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചതെന്ന് കോ ഓർഡിനേറ്റർമാരായ തോമസ് കോശിയും കൊച്ചുമ്മൻ ജേക്കബും പറഞ്ഞു.

വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷനുവേണ്ടി പ്രസിഡന്റ് ശ്രീകുമാർ ഉണ്ണിത്താൻ, വൈസ് പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി ടെറൻസൺ തോമസ്, ട്രഷറർ കെ.കെ.ജോൺസൺ, ജോ. സെക്രട്ടറി ആന്റോ വർക്കി, ഫൊക്കാന ട്രഷറർ ജോയി ഇട്ടൻ, കൊച്ചുമ്മൻ ജേക്കബ്, കെ.ജെ. ഗ്രിഗറി, കെ.ജി. ജനാർദനൻ, രാജൻ ടി. ജേക്കബ്, എം.വി. കുര്യൻ, ചാക്കോ പി. ജോർജ്, ജോൺ കെ. മാത്യു, സുരേന്ദ്രൻ നായർ, രാജ് തോമസ്, ഷീല ചെറു, ജോൺ തോമസ്, ജോർജ് ഇട്ടൻ പാടിയേത്തു, തോമസ് കോവള്ളൂർ, ഷാജി ആലപ്പാട്ട്, ജോർജ് കുട്ടി ഉമ്മൻ, പൗലോസ് വർക്കി, ഇട്ടൻ ജയിംസ്, മാത്യു മനെൽ, സൻജിവ് കുര്യൻ തുടങ്ങിവർ സെമിനാറിൽ സംബന്ധിച്ചു.

## കുന്നപ്പള്ളിൽ രാജഗോപാലിന്റെ 'ആത്മദലങ്ങൾ' സംഗീത ആൽബം പ്രകാശനം ചെയ്തു

**ജയപ്രകാശ് നായർ**

*ന്യൂയോർക്ക് :* നവംബർ 22ന് ന്യൂയോർക്കിലെ ഫ്ലഷിംഗ് ഹിന്ദു ടെമ്പിളിന്റെ സരസ്വതി ഹാളിൽ വച്ച് കുന്നപ്പള്ളിൽ രാജഗോപാൽ രചിച്ച ഭക്തിനിർഭരമായ ഗാനങ്ങളുടെ ആൽബം അമേരിക്കയിൽ പരക്കെ അറിയപ്പെടുന്ന ശാസ്ത്രീയ ഗാന/നൃത്ത അധ്യാപികയും ബോംബെ സഹോദരിമാരിൽ ഒരാളും മുക്താംബർ ഫൈൻ ആർട്സ് ഡയറക്ടറുമായ സാവിത്രി രാമാനന്ദ്, ആദ്യ സിഡി കുന്നപ്പള്ളിൽ രാജഗോപാലിന്റെ പുത്രൻ ഡോ. റിതിക് രാജഗോപാലിനു നൽകി പ്രകാശനം നിർവഹിച്ചു. കുന്നപ്പള്ളിൽ രാജഗോപാലിന്റെ പുത്രിയും അറ്റോർണിയുമായ റൂണാ രാജഗോപാൽ ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

പെരുമ്പാവൂർ ജി. രവീന്ദ്രനാഥിനെപ്പോലെയുള്ള ഒരു വലിയ സംഗീതജ്ഞൻ ഈണമിട്ട ഈ ആൽബം പ്രകാശനം ചെയ്യുവാനുള്ള ഭാഗ്യം സിദ്ധിച്ചതിൽ താൻ അഭിമാനിക്കുന്നുവെന്നു സാവിത്രി രാമാനന്ദ് പറഞ്ഞു.

കുന്നപ്പള്ളിൽ രാജഗോപാലിന്റെ നന്ദിപ്രകാശനത്തോടെ ചടങ്ങുകൾ അവസാനിച്ചു. സിഡി വാങ്ങിക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക: കുന്നപ്പള്ളിൽ രാജഗോപാൽ (91744 40466).

## ഫിലിപ്പോസ് ചെറിയാനും ജോർജ് ഓലിക്കലിനും ഏഷ്യൻ ഫെഡറേഷൻ അവാർഡുകൾ




**ജോർജ് നടവയൽ**

*ഫിലഡൽഫിയ:* ഫിലിപ്പോസ് ചെറിയാനും ജോർജ് ഓലിക്കലിനും ഏഷ്യൻ ഫെഡറേഷൻ അവാർഡുകൾ. സാമൂഹിക പ്രവർത്തന മികവിനാണു അവാർഡുകൾ. ഫീലിപ്പോസ് ചെറിയാൻ ലെഫ്റ്റനന്റ് ഗവർണ്ണർ മൈക്കിൾ സ്റ്റാനും ജോർജ് ഓലിയ്ക്കലിനു സിറ്റി കൺട്രോളർ അലൻ ബുട്കോവിറ്റ്സും അവാർഡുകൾ സമ്മാനിച്ചു. കംബോഡിയ, ചൈന, കൊറിയ, ഫിലിപ്പൈൻസ്, വിയറ്റ്നാം എന്നീ പാരമ്പര്യ പ്രതിനിധികളിൽ നിന്നുള്ള മികച്ച സാമൂഹിക പ്രവർത്തകർക്കു ഏർപ്പെടുത്തിയ അവാർഡുകൾ മൈക്കിൾ ചോ, ക്രിസ് ചോ, ഹേ ചൗ, ഫെൻ സു കൗ എന്നിവർ നേടി. ഏഷ്യൻ അമേരിക്കൻ ഫെഡറേഷൻ ഓഫ് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ 16-ാം വർഷികമായിരുന്നു വേദി. സ്ഥാപകപ്രസിഡന്റ് ഡോ. മാൻ ചൂ പാർക്കും വൈസ് പ്രസിഡന്റ് അലക്സ് തോമസും നേതൃത്വം നൽകി.

അവാർഡ് ജേതാവ് ജോർജ് ഓലിക്കൽ പമ്പ മലയാളി അസോസിയേഷൻ പ്രസിഡന്റാണ്. ഫൊക്കാന അസോസിയേറ്റ് ട്രഷറാറായിരുന്നു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ, ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയാ പ്രസിഡന്റ് എന്നീ ചുമതലകൾ വഹിച്ചിരുന്നു. ഫിലഡൽഫിയാ സിറ്റീ വാട്ടർ ഡിപ്പാർട്ട്മെന്റിൽ സയന്റിസ്റ്റാണ്.

ഫീലിപ്പോസ് ചെറിയാൻ പമ്പാ പ്രസിഡന്റ്, ട്രൈസ്റ്റേറ്റ് കേരളാ ഫോറം ജനറൽ സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് തിരുവല്ലാ (ഫിലഡൽഫിയാ) പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. പള്ളിക്കാര്യ ട്രസ്റ്റി, ഓർമ്മ ദേശീയ ജനറൽ സെക്രട്ടറി, പമ്പാ ട്രഷറാർ എന്നീ ചുമതലകൾ നിർവഹിരുന്നു. കോട്ടയം സി എം എസ് കോളജിൽ കെമിസ്ട്രി അധ്യാപകനായിരുന്നു. ഫിലഡൽഫിയാ സിറ്റി എയർ മാനേജ്മെന്റ് സർവീസസിൽ സയന്റിസ്റ്റാണ്.

## ഇന്ത്യയിലെ ക്ഷയരോഗ പ്രതിരോധത്തിന് അമേരിക്ക ചെലവഴിച്ചത് നൂറു മില്യൺ ഡോളർ



**പി.പി. ചെറിയാൻ**

*വാഷിംഗ്ടൺ ഡിസി:* ഇന്ത്യയിൽ ക്ഷയരോഗം പ്രതിരോധിക്കുന്നതിനായി അമേരിക്ക കഴിഞ്ഞ 18 വർഷത്തിനുള്ളിൽ നൂറു മില്യൺ ഡോളർ ചെലവഴിച്ചതായി യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് അധികൃതർ വെളിപ്പെടുത്തി.

15 മില്യൺ ഇന്ത്യക്കാരാണ് ഇതിന്റെ ഗുണഭോക്താക്കൾ. ക്ഷയരോഗം തടയുന്നതിന് ഇന്ത്യ ഗവൺമെന്റിന്റെ സഹായത്തോടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയെങ്കിലും ഇന്ത്യയിലെ മരണസംഖ്യ ഉയർത്തുന്ന ഏറ്റവും വലിയ രോഗമായി ഇന്നും ക്ഷയരോഗം നിലനിൽക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു.

ലോകത്തിൽ ക്ഷയരോഗത്തിന്റെ ഭീഷണി നേരിടുന്ന ഒന്നാമത്തെ രാജ്യമാണ് ഇന്ത്യ. 2.2 മില്യൺ ജനങ്ങളാണു രോഗത്തിന്റെ പിടിയിലമർന്നിരിക്കുന്നത്. 2,20,000 പേരാണു രോഗം മൂലം മരിക്കുന്നത്.

അമേരിക്കയിലെ സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ, യുഎസ് യൂണിവേഴ്സിറ്റികൾ ഇന്ത്യയിലെ വിവിധ മുനിസിപ്പാലിറ്റികൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഇന്ത്യയിലെ ക്ഷയരോഗ നിർമാർജനത്തിനും ജനങ്ങളെ ബോധവത്കരിക്കുന്നതിനു സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി വരുന്നു.

## മാധ്യമരംഗത്തെ മാറ്റത്തിനു സാക്ഷ്യംവഹിക്കുന്ന തലമുറയാണ് നമ്മുടേത്: സന്തോഷ് ജോർജ്

**ജോസ് കണിയാലി**

*ഷിക്കാഗോ:* മാധ്യമരംഗത്തെ വലിയ മാറ്റത്തിനു സാക്ഷ്യംവഹിക്കുന്ന തലമുറയാണ് നമ്മുടേതെന്നു സന്തോഷ് ജോർജ് ജേക്കബ്.

സ്റ്റോൺ ടു ഫോൺ എന്നതാണ് സ്ഥിതി. അതായത് കല്ലച്ചിൽ നിന്ന് ഫോൺ എന്ന അത്യാധുനിക സാങ്കേതികവിദ്യയിലേക്കുള്ള പരിണാമം. ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ആറാമത് കൺവൻഷനിൽ പുതിയ തലമുറയും നവമാധ്യമങ്ങളും എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു മനോരമ ഓൺലൈൻ കണ്ടന്റ് കോ-ഓർഡിനേറ്ററായ സന്തോഷ് ജോർജ്.

മാറ്റങ്ങൾക്കനുസരിച്ച് മാറാൻ കഴിയാത്ത മാധ്യമങ്ങൾ പരാജയപ്പെടും. ഒരിക്കൽ പത്രത്തിൽ അച്ചടിച്ചു വന്നാലേ ജനങ്ങൾ വിശ്വസിക്കൂ എന്നതായിരുന്നു സ്ഥിതി.

ഗൂഗിൾ ഗ്ലാസ് ഉപയോഗിക്കുന്നവർക്ക് ദൂരത്തുള്ള കാര്യങ്ങൾ തത്സമയം സമീപത്തുതന്നെ നടക്കുന്ന അനുഭവമാണുണ്ടാകുക. മാറ്റത്തെ എതിർക്കുന്നതിൽ അർഥമില്ല. പ്രിന്റ് മാധ്യമങ്ങൾ ക്ഷയിച്ചു കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ അവ വളരുന്നുണ്ടെങ്കിലും കേരളത്തിൽ വളർച്ചാനിരക്ക് കുറഞ്ഞു. ഡിജിറ്റലിലാണ് ഭാവി. പക്ഷേ അതിനു വിശ്വാസ്യത കുറവ്. അതിനാലാണ് പരമ്പരാഗത മാധ്യമങ്ങൾക്കു പ്രസക്തി. ഒരേസമയം വിവിധ തരം മാധ്യമങ്ങൾ ഉപയോഗിച്ചാലേ വിജയിക്കാനാവൂ. പരമ്പരാഗത മാധ്യമങ്ങളുടെ ഏറ്റവും വലിയ വെല്ലുവിളി നവമാധ്യമങ്ങളിൽനിന്നാണ്- സന്തോഷ് ജോർജ് പറഞ്ഞു.

ഓൺലൈനിൽ ആദ്യ പത്രം പുറത്തിറക്കുന്നത് ദീപികയായിരുന്നുവെന്നു മീഡിയ അക്കാഡമി ചെയർമാനും ദീപിക ഡെപ്യൂട്ടി എഡിറ്ററുമായ സെർജി ആന്റണി പറഞ്ഞു. അതു ലാഭകരമായി മുന്നേറുന്നു. തുടക്കത്തിലുണ്ടായിരുന്ന ഹോം പേജ് ആണ് ഇപ്പോഴും. അതു മാറ്റാൻ നോക്കിയപ്പോൾ വലിയ എതിർപ്പുണ്ടായി.

അനാവശ്യമായ വിവാദം ഉണ്ടാക്കുന്നതു കുറ്റകരമാക്കണമെന്നു സദസിലുണ്ടായിരുന്ന തോമസ് ഉണ്ണിയാടൻ എംഎൽഎ ചൂണ്ടിക്കാട്ടി. തന്റെ മക്കൾക്കെതിരേ വരെ സോഷ്യൽമീഡിയയിൽ പരാമർശം വന്നു. ഒടുവിൽ പോലീസിൽ പരാതി നൽകി. അതിനു ഫലമുണ്ടായി.

അഴിമതിക്കാർക്കും മറ്റുമെതിരേ വലിയ ജനവികാരമുണർത്താൻ നവമാധ്യമങ്ങൾക്കാവുമെന്നു രാജു ഏബ്രഹാം എംഎൽഎ ചൂണ്ടിക്കാട്ടി. ഡൽഹിയിലെ നിർഭയ സംഭവവും കേജരിവാളിന്റെ വരവുമൊക്കെ അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി.

ടി.പി. ചന്ദ്രശേഖരനെ വെട്ടിക്കൊല്ലുന്ന ചിത്രം ടിവിയിൽ വന്നിട്ടില്ലെന്ന് ചോദ്യത്തിന് ഉത്തരമായി പി.ജി. സുരേഷ്കുമാർ (ഏഷ്യാനെറ്റ്) പറഞ്ഞു. നിർഭയയുടെ ചിത്രമെന്ന പേരിൽ മറ്റൊരു യുവതിയുടെ ചിത്രം ഇന്റർനെറ്റിൽ വൈറലായി. രണ്ടു കമിതാക്കൾ മരിച്ചപ്പോൾ പോലീസ് തന്ന ചിത്രത്തിലെ യുവതി മാറിപ്പോയി. ഇത്തരം പ്രശ്നങ്ങൾ മാധ്യമങ്ങൾ പലപ്പോഴും അഭിമുഖീകരിക്കേണ്ടിവരുന്നു.

മാത്യു വർഗീസ് മോഡറേറ്ററായിരുന്നു. പാനലിസ്റ്റുകളായ ജയ്മോൻ നന്തിക്കാട്ട്, മറിയാമ്മ പിള്ള, ജോയിച്ചൻ പുതുക്കുളം, സണ്ണി പൗലോസ്, ജയിംസ് വർഗീസ് എന്നിവർ ചർച്ചകൾ നയിച്ചു

## ഡെലവർവാലി മാർത്തോമ പള്ളി ഇടവകദിനം ആഘോഷിച്ചു



*ഡെലവർവാലി:* സെന്റ് തോമസ് മാർത്തോമ ചർച്ച് ഓഫ് ഡെലവർവാലിയുടെ പത്താമത് ഇടവകദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.

നവബംർ ഒന്നിനു സെന്റ് തോമസ് മാർത്തോമ ദേവാലയത്തിൽ നടന്ന ഇടവകദിനാഘോഷത്തിൽ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനാധ്യക്ഷൻ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പ സന്ദേശം നൽകി. ഇടവക വൈസ് പ്രസിഡന്റ് മാത്യൂസ് ടി. മാത്യൂസ് സ്വാഗതം ആശംസിച്ചു. ഗായകസംഘത്തിന്റെ പ്രാരംഭഗാനത്തിനുശേഷം നടന്ന വിശുദ്ധ കുർബാനക്ക് മാർ തിയഡോഷ്യസ് മുഖ്യകാർമികത്വം വഹിച്ചു. മൽബിൻ കൊച്ചുനിലത്തിൽ, മാത്യു വർഗീസ് എന്നിവർ ആദ്യകുർബാന സ്വീകരിച്ചു. വികാരി റവ. റോയി എ. തോമസ് പ്രാർഥന നടത്തി. തുടർന്നു ഇടവക സെക്രട്ടറി ജോസ് ജോർജ് പത്താമത് ഇടവകദിന റിപ്പോർട്ട് അവതരിപ്പിച്ചു.

മുൻ യുഎസ് കോൺഗ്രസ്മാൻ അഡ്മിറൽ ജോ സെസ്റ്റാക്ക്, സ്റ്റേറ്റ് റെപ്രസന്റേറ്റീവ് ഡ്വുവാൻ ഡി. മിൽനെ, ജോസഫ് മാത്യു, ജോൺ ഫിലിപ്പ് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

സ്കോളസ്റ്റിക് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ ഉന്നത വിജയം നേടിയ മിറിയ മാമ്മന് സ്കോളർഷിപ്പ് നൽകി ആദരിച്ചു. തുടർന്ന് ഇടവകയുടെ പാരിഷ് ഡയറക്ടറി മാർ തിയഡോഷ്യസ് പ്രകാശനം ചെയ്തു. ചടങ്ങിൽ റമ്പാൻ സ്ഥാനാഭിഷേക വാർഷികവും പുതിയ ഭദ്രാസനത്തിന്റെ ചുമതലയേൽക്കുന്നതിനു സ്ഥലം മാറിപ്പോകുന്ന മാർ തിയഡോഷ്യസിനു യാത്രയയപ്പും നൽകി.

ഇടവക ഗായകസംഘവും സൺഡേ സ്കൂൾ റീജണൽ ക്വയറും ആലപിച്ച ഗാനങ്ങളും യൂത്ത് ഫെലോഷിപ്പ് അവതരിപ്പിച്ച മാർ തിയഡോഷ്യസ് എന്ന സ്ലൈഡ് ഷോയും ശ്രദ്ധേയമായി.

സമ്മേളനത്തിൽ ഇടവക ട്രസ്റ്റി നന്ദി പറഞ്ഞു. മാത്യു ടി. ഏബ്രഹാമിന്റെ സമാപന പ്രാർഥനയും മാർ തിയഡോഷ്യസിന്റെ ആശിർവാദത്തിനും ശേഷം ആഘോഷ പരിപാടികൾ സമാപിച്ചു.

## ന്യൂയോർക്ക് സെന്റ് സ്റ്റീഫൻ ക്നാനായ ചർച്ചിൽ ഇടവകദിനം ഡിസംബർ 12ന്

*ന്യൂയോർക്ക്:* സെന്റ് സ്റ്റീഫൻ ക്നാനായ ഫൊറോന പള്ളിയുടെ ഇടവകദിനവും നവീകരിച്ച അൾത്താരയുടെ കൂദാശകർമ്മവും ഡിസംബർ 12ന് (ശനി) വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

വൈകുന്നേരം അഞ്ചിനു നടക്കുന്ന കൂദാശകർമ്മങ്ങൾക്ക് മലങ്കര കത്തോലിക്കാസഭ അമേരിക്കാ - കാനഡ എസ്കാർക് തോമസ് മാർ യൗസേബിയൂസ് മുഖ്യകാർമികത്വം വഹിക്കും. തുടർന്നു കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികളും അരങ്ങേറും.

ആഘോഷ പരിപാടികളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. ജോസ് തയറയ്ക്കൽ അറിയിച്ചു.

**സാബു തടിപ്പുഴ**


# St.Thomas Indian Orthodox Church

## 1009 Unruh Avenue, Philadelphia, PA 19111

**Rental Space Available**

**1. Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.

**2. Sanctuary**: For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.

**3. Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.

**4. Other Rooms**: Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

*For more information contact*

**(215)342-1500. Fax your needs to (215) 342-2700**

# ഇന്ത്യൻ നെഫ്രോളജി അസോസിയേഷൻ ഓഫ് പെൻസിൽവേനിയ ഉദ്ഘാടനം ചെയ്തു

*ഫിലഡൽഫിയ:* പ്രശസ്ത ഗാസ്ട്രോ എന്ററോളജിസ്റ്റും പെൻസ്റ്റേറ്റ് ഹെർഷി മെഡിക്കൽ സെന്റർ പ്രൊഫസ്സറുമായ ഡോ. ഏബ്രഹാം മാത്യു ഭദ്രദീപം തെളിച്ച് ഇന്ത്യൻ നെഫ്രോളജി അസോസിയേഷൻ ഓഫ് പെൻസിൽവേനിയ (ഐഎൻഎപി- ഐനാപ്) എന്ന പ്രഫഷണൽ സംഘടന ഉദ്ഘാടനം ചെയ്തു.

പെൻസിൽവേനിയയിൽ ഡയാലിസിസ് മേഖലയിൽ സേവനം ചെയ്യുന്ന ഇന്ത്യൻ വശജരായ ടെക്നീഷ്യന്മാരുടെയും നഴ്സുമാരുടെയും ഡോക്ടർമാരുടെയും മാനേജർമാരുടെയും അനുബന്ധ പ്രൊഫഷനലുകളുടെയും ഐക്യ പ്രവർത്തന സംഘടനയാണ് ഐനാപ്.

നിലവിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ പ്രഫഷണൽ സംഘടനകൾക്കും വിശിഷ്യാ പിയാനോയ്ക്കും (പെൻസിൽവേനിയാ ഇന്ത്യൻ അമേരിക്കൻ നഴ്സസ് ഓർഗനൈസേഷൻ) പൂരകമായാണ് ഐനാപ് സംഘടന പ്രവർത്തിക്കുക എന്നു മുഖ്യ സംഘാടകൻ ജോസ് പാലത്തിങ്കൽ പറഞ്ഞു. ആദ്യ യോഗത്തിൽ തന്നെ ഇരുനൂറിലധികം പ്രവർത്തകർ ഒത്തുചേർന്നു എന്നത് ഈ സംഘടനയുടെ പ്രസക്തി ഉറപ്പിച്ചു.

ഉദ്ഘാടന പ്രസംഗത്തിൽ ഡോ. ഏബ്രാഹം മാത്യു ഇങ്ങനെ പറഞ്ഞു: 'വൈദ്യരംഗം പരിവർത്തനത്തിലാണ്. സാധാരണയായി പ്രതീക്ഷിക്കാത്ത കാര്യങ്ങൾ പ്രതീക്ഷിക്കണം. ഒരേ കലോറി ആഹാരം കഴിക്കുന്ന വ്യത്യസ്തരായ രണ്ടു പേരിൽ അതിന്റെ ആഗിരണം രണ്ടു തരത്തിലായിരിക്കും. ഒരേ കാലറി ഭക്ഷണം തുല്യ അളവിൽ ഈ രണ്ടു പേരും കഴിച്ചാലും ഒരാൾക്ക് ഒബീസിറ്റി വരാം, മറ്റേയാൾ സ്ലിം ആയിരിക്കാം. വയറിൽ വളരുന്ന വിഭിന്ന ബാക്ടീരിയകളുടെ പ്രവർത്തനമാണു കാരണമെന്ന് ആധുനികശാസ്ത്രം പറയുന്നു. കണ്ടുപിടുത്തങ്ങളുടെ ലോകം കണ്ണഞ്ചിപ്പിച്ച് വളരുകയാണ്. അതനുസരിച്ച് മലയാളികൾ എക്സലൻസിനു കൂടുതൽ ശ്രദ്ധിക്കണം. തൊലിനിറം കൊണ്ട് അന്യായമായി ഭവിച്ചേക്കാവുന്ന തൊഴിൽരംഗ വിവേചനങ്ങൾ മറികടക്കാൻ നമുക്ക് കരുത്തു തരേണ്ടത് നാം പ്രഫഷണിൽ കാണിക്കുന്ന കിടയറ്റ പ്രാഗല്ഭ്യമാണ്. ഐനാപ് പ്രസിഡന്റ് കുര്യൻ ജോർജ് അധ്യക്ഷനായിരുന്നു. അംഗങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം, പ്രഫഷണൽ ആശയ വിനിമയം, ജോലി ലഭ്യതയിലുള്ള സഹായം, തുടർ വിദ്യാഭ്യാസ വേദി എന്നിവയാണു മുഖ്യ ലക്ഷ്യങ്ങൾ എന്നു അധ്യക്ഷൻ കുര്യൻ ജോർജ് പറഞ്ഞു. സെക്രട്ടറി ബിനു ജേക്കബ് സ്വാഗത പ്രസംഗം നടത്തി.

ദൈവത്തിന്റെ ദൂതന്മാരാണ് വൈദ്യരംഗത്ത് പ്രവർത്തിക്കുന്നവർ എന്ന ചിന്ത ഉണ്ടായാൽ വൈദ്യ ശുശ്രൂഷകരുടെ ത്യാഗങ്ങൾക്ക് മൂല്യമേറുമെന്ന് എക്യുമെനിക്കൽ ഫെലോഷിപ് ഓഫ് ഗ്രേറ്റർ ഫിലഡൽഫിയാ ചെയർമാൻ ഫാ. ജോണിക്കുട്ടി പുലിശേരി പറഞ്ഞു.

മലയാളികളായ ഒട്ടനവധി മെഡിക്കൽ പ്രൊഫഷനലുകളും റെക്നീഷ്യന്മാരും മാനേജർമാരും അഹോരാത്രം നെഫ്രോളജി വിഭാഗത്തിൽ സേവനം ചെയ്യുന്നു എന്നതാണ് നമ്മുടെ സമൂഹത്തിന്റെ ജീവൽസ്പന്ദന കാരണം എന്നു യോഹന്നാൻ ശങ്കരത്തിൽ പറഞ്ഞു.

മലയാളികളുടെ സേവന മനഃസ്ഥിതി അന്യാദൃശ്യമാണ്. അതിനാൽ അമേരിക്കയിലെ ഉത്തരവാദപ്പെട്ട മെഡിക്കൽ ജോലിയിൽ നമ്മുടെ സ്ഥാനം ആർക്കും തുടച്ചു നീക്കാനാവില്ല എന്ന് മാത്യു തോമസ് ചൂണ്ടിക്കാണിച്ചു. സംഘടനാ പ്രവർത്തനത്തിലൂടെ ഐക്യം പ്രഖ്യാപിക്കുവാൻ കഴിയുമെന്നു തോമസ് ജോയി വ്യക്തമാക്കി. ഐനാപ്പിലൂടെ സർഗശേഷികളുടെ വളർച്ചയും സാധിക്കുമെന്ന് ആനിയാമ്മ സെബാസ്റ്റ്യൻ ചൂണ്ടിക്കാണിച്ചു.

ഐനാപ് ജോയിന്റ് സെക്രട്ടറി അലൻ ജോർജ് മാത്യൂ നന്ദി പറഞ്ഞു. അനിതാ ബ്ലെസ്സൺ, മെർലിൻ പാലത്തിങ്കൽ എന്നിവർ മിസ്ട്രസസ് ഓഫ് സെറിമണിയായി. അഞ്ജു ബിജു ഭാരതീയ ദേശീയ ഗാനവും ലിഡിയാ മാത്യൂ അമേരിക്കൻ ദേശീയ ഗാനവും പാടുന്നതിന് നേതൃത്വം നൽകി.

വിവിധ കലാപരിപാടികളും ജോസഫ് വർഗീസിന്റെ ലളിത ഗാനവും ഡിന്നറും ഉണ്ടായിരുന്നു. അംഗങ്ങൾ കുടുംബസമേതം കുട്ടികളോടും മുതിർന്ന മാതാപിതാക്കളോടുമൊപ്പമാണു സമ്മേളനത്തിനു വന്നത് എന്നതു സവിശേഷതയായിരുന്നു.

കുര്യൻ ജോർജ് (പ്രസിഡന്റ് 215 776 4006), ജോസ് പാലത്തിങ്കൽ (വൈസ് പ്രസിഡന്റ് 215 939 3084), ബിനു ജേക്കബ് (സെക്രട്ടറി 215 866 8495), അലൻ ജോർജ് മാത്യൂ (ജോയിന്റ് സെക്രട്ടറി 610 203 0288), ജോയി കരുമത്തി (ട്രഷറാർ 215 605 8939), ജോഫി ജോസഫ് (267 242 6934), ഡോണി ജോസഫ് (215 868 1050), റോബി റോയി (215 688 2579) (കൾച്ചറൽ ആക്ടിവിറ്റീസ് കോർഡിനേറ്റേഴ്സ്) എന്നിവരാണ് ഭാരവാഹികൾ.

**ജോർജ് നടവയൽ**




# ഫാ. ജോസഫ് കല്ലടാന് വിട

**ഡോ. ജോർജ് കാക്കനാട്ട്**



*ഹൂസ്റ്റൺ:* നവംബർ 18-നു നിര്യാതനായ ഫാ. ജോസഫ് കല്ലടാന് (ഫാ. കെ.കെ-76) കണ്ണീരോടെ വിട.

കോട്ടയം ജില്ലയിലെ നീണ്ടൂരിൽ കല്ലടാന്തിയിൽ കുടുംബത്തിൽ പരേതരായ കുര്യാക്കോയുടെയും ഏലിയുടെയും മകനായി 1939ൽ ജനിച്ച ഇദ്ദേഹം സലേഷ്യൻ ഡോൺ ബോസ്കോ മിഷണനറി സംഘത്തിൽ 1969 ഡിസംബർ 26-ാം തീയതിയാണ് വൈദികനായത്. തുടർന്നു എട്ടു വർഷത്തോളം കേരളത്തിൽ സേവനം ചെയ്ത ശേഷം അജപാലന ദൗത്യവുമായി ജമൈക്കയിലെത്തി.

പിന്നീടു അമേരിക്കയിൽ കുടിയേറിയ കെ.കെ. അച്ചൻ ഹൂസ്റ്റണിൽ, ഗാൽവെസ്റ്റൻ ഹൂസ്റ്റൺ അതിരൂപതയിൽ പ്രവർത്തിച്ച് വിവിധ പള്ളികളിൽ വികാരിയായി 35 വർഷം തന്റെ ദൗത്യം നിറവേറ്റുകയുണ്ടായി. 2014ൽ റിട്ടയർ ചെയ്ത ഫാ. കെ.കെ തുടർന്നും സഭാകാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു.

ഹൂസ്റ്റണിലെ മലയാളികളുടെ കുടിയേറ്റ ചരിത്രത്തിലെ, പ്രത്യേകിച്ച് കത്തോലിക്കരുടെ ഏകോപനത്തിനായി ശുശ്രൂഷകൾ ആരംഭിച്ച കെ.കെ. അച്ചൻ ഹൂസ്റ്റണിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് രൂപം നൽകുകയും അതിന് സ്തുത്യർഹമാം വിധം നേതൃത്വം വഹിക്കുകയും ചെയ്തു. മലയാളി കത്തോലിക്കാ കുടുംബങ്ങൾക്കായി ഇന്ത്യൻ കാത്തലിക് ഓഫ് ഹൂസ്റ്റൺ ആരംഭിച്ചു. എക്യുമെനിക്കൽ രംഗത്തും കുടുംബങ്ങൾക്കായുള്ള പ്രത്യേക ശുശ്രൂഷകളിലും നിർണായക സ്വാധീനം ചെലുത്തി എന്നും ഈ വൈദികൻ അജഗണങ്ങളുടെയിടയിൽ ഉണ്ടായിരുന്നു.

ഒടുവിൽ തന്റെ സുഹൃത്തുക്കളെയും ബന്ധുക്കളെയും വിശ്വാസസമൂഹത്തെയും വിട്ട് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. നവംബർ 21ന് ഹൂസ്റ്റൺ ക്നാനായ കാത്തലിക് സെന്ററിലും, 22ന് സെന്റ് മേരീസ് ക്നാനായ കാത്തലിക്ക് പള്ളിയിലും പൊതു ദർശനവും പ്രത്യേക പ്രാർത്ഥനകളും നടത്തിയ ശേഷം, 23ന് ഷുഗർ ലാൻഡ് ബെൽഫോർട്ട് അവന്യുവിലെ സെന്റ് തോമസ് അക്വിനാസ് കാത്തലിക് പള്ളിയിൽ സംസ്കാരശുശ്രൂഷ നടത്തി. തുടർന്ന് ഫോറസ്റ്റ് പാർക്ക് ലോൺഡെയിൽ സെമിട്രിയിൽ ഭൗതിക ശരീരം സംസ്കരിച്ചു.

ഗാൽവസ്റ്റൺ ഹൂസ്റ്റൺ അതിരൂപത മെത്രാപൊലീത്ത കാർഡിനൽ ഡാനിയേൽ ഡിനാർഡോ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. രൂപതയുടെ മുൻ അധ്യക്ഷൻ ആർച്ച്ബിഷപ് ജോസഫ് ഫിറൻസ, സഹായ മെത്രാൻ ജോർജ് ഷെൽട്സ്, സീറോ മലബാർ രൂപത മെത്രാൻ മാർജേക്കബ് അങ്ങാടിയത്ത്, മലങ്കര ഓർത്തഡോക്സ് സഭ സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ ബിഷപ് അലക്സിയോസ് മാർ യൗസേബിയോസ്, എക്യുമെനിക്കൽ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് നിരവധി വൈദികരെ കുടാതെ അതിരൂപതയിലെ ബഹുഭൂരിപക്ഷം വൈദികരും പങ്കെടുത്തു.

# പ്രഫ. ഷീല സ്റ്റീഫന് കരിങ്കുന്നം സംഗമം സ്വീകരണം നൽകി



*ഷിക്കാഗോ:* കെസിഎസിന്റെ ക്ഷണം സ്വീകരിച്ച് ഷിക്കാഗോയിൽ എത്തിയ പ്രഫ. ഷീല സ്റ്റീഫനും ഭർത്താവ് സ്റ്റീഫൻ എടാപ്പുറത്തിനും ഷിക്കാഗോ കരിങ്കുന്നം നിവാസികൾ ഉജ്വല സ്വീകരണം നൽകി. കരിങ്കുന്നം നിവാസിയും കോട്ടയം ബിസിഎം കോളജ് പ്രിൻസിപ്പലും, മുൻ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രിസിഡന്റും, കേരളാ കോൺഗ്രസിന്റെ സംസ്ഥാന നേതാവും ഇതിനെല്ലാം ഉപരി തൊടുപുഴയിലെ സാമൂഹ്യ- സാംസ്കാരിക രംഗത്തെ നിറസാന്നിധ്യവും കരിങ്കുന്നംകാർക്ക് അഭിമാനിക്കാനുള്ള വ്യക്തിത്വത്തിന്റെ ഉടമയുമാണ് ഷീല സ്റ്റീഫൻ.

ഷിബു മുളയാനികുന്നേലിന്റെ ഭവനത്തിൽ കൂടിയ സ്വീകരണ യോഗത്തിൽ ഷിക്കാഗോയിലുള്ള ഭൂരിപക്ഷം കരിങ്കുന്നം നിവാസികളും തങ്ങളുടെ തിരക്കുകൾ മാറ്റിവെച്ച് സ്വീകരണ യോഗത്തിൽ പങ്കുകൊണ്ടു. കരിങ്കുന്നത്തിന്റെ ദീപ്ത സ്മരണകൾ പങ്കുവയ്ക്കാൻ ഷീല സ്റ്റീഫന്റെ വരവുകൊണ്ട് സാധിച്ചുവെന്ന് സീനിയർ അംഗം ബാബു ഉറുമ്പിൽ അഭിപ്രായപ്പെട്ടു.



*ജന്മശതാബ്ദിവർഷം*

# ആർച്ചു ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ്

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത



**മ**ലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ രണ്ടാമത്തെ ആർച്ചു ബിഷപ്പുമായി തേജസ്സോടെ ശ്രേഷ്ഠാചാര്യ ശുശ്രൂഷ നിർവ്വഹിച്ച ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദിവർഷത്തിലാണ് നാമിപ്പോൾ. പൊതു സമൂഹത്തിന്റെ വികസന സ്വപ്നങ്ങൾക്ക് രൂപവും ഭാവവും നല്കി പരിസ്ഥിതിക്ക് ഇണങ്ങുന്നതും മനുഷ്യത്വത്തിന് വില കല്പിക്കുന്നതുമായ വികസന ദർശനം വിഭാവനം ചെയ്ത മനുഷ്യസ്നേഹിയായ വന്ദ്യ പിതാവിന്റെ ഓർമ്മയ്ക്കു മുമ്പിൽ ഹൃദയാഞ്ജലി. സമൂഹ മണ്ഡലത്തിലും സഭാവേദികളിലും മഹാമേരുപോലെ ഉയർന്നു നിന്നു വന്ദ്യപിതാവിന്റെ ഉദാത്ത ജീവിതം.



നല്ലിടയനായ ക്രിസ്തുനാഥന്റെ ആടുകളോടുള്ള ഹൃദയ അടുപ്പവും മമതയും തന്റെ ഹൃദയത്തിൽ ഏറ്റുവാങ്ങിയ ആചാര്യ ശ്രേഷ്ഠനാണ് ഗ്രിഗോറിയോസ് പിതാവ്. ആടുകളുടെ ജീവിതവും അവയുടെ ഭാഗധേയവും ഇടയന്റെ കൺമുമ്പിലും ശ്രദ്ധയിലും എപ്പോഴും നിറഞ്ഞു നില്ക്കുന്നു. ഗ്രിഗോറിയോസ് പിതാവ് ജനജീവിതത്തിന്റെ വേദനകളും ആശങ്കകളും തന്റെ ഹൃദയത്തോടു ചേർത്ത് ആടുകൾക്ക് ഇടയിൽ ജീവിച്ച മഹാഇടയനായിരുന്നു. ദാരിദ്ര്യത്തേയും അതിന്റെ ഭയാനകമായ പ്രത്യാഘാതങ്ങളേയും ജനജീവിതത്തിൽ നിന്ന് അകറ്റി വികസനത്തിന്റെ നന്മനിറഞ്ഞകാലംഎല്ലാവർക്കും സംലഭ്യമാക്കാൻ പിതാവ് ആഗ്രഹിച്ചു. ജനനായകന്മാരോടൊപ്പം കൈകോർത്ത് നാടിന്റെ വികസനത്തിന് ഉപകരിക്കുന്ന പഠനങ്ങളും കണ്ടെത്തലുകളും പിതാവ് ഹൃദയപൂർവ്വം സ്വീകരിച്ചു.

കാർഷിക രംഗത്ത് വിപ്ലവകരമായ നൂതനവിദ്യകൾ ആവിഷ്ക്കരിക്കുവാൻ ഒരു കൃഷിശാസ്ത്രജ്ഞന്റെ അവധാനതയും നിരീക്ഷണവും അധ്വാനവും പിതാവ് ഉൾക്കൊണ്ടു. സാധാരണക്കാരുടെ വിശപ്പുമാറ്റാനുള്ള പ്രായോഗിക വഴികൾ ജൈവകൃഷി സമ്പ്രദായവും ശാസ്ത്രിയ മികവും കോർത്തിണക്കി പിതാവ് നടപ്പിലാക്കിയിരുന്നു. പട്ടം അരമനവളപ്പിലെ പുരയിടം ജൈവകൃഷിയുടെ വൈവിധ്യമേറിയ വിളഭൂമിയായിരുന്നു. വിദേശ രാജ്യങ്ങളിൽ പരീക്ഷിച്ച് വിജയം വരിച്ച കൃഷി രീതികൾ, പുതിയ ഇനം വിത്തുകൾ എല്ലാം പട്ടം അരമന വളപ്പിൽ പിതാവ് കൃഷിചെയ്ത് അതിന്റെ വലിയ പ്രചാരകനായി മാറി. കാർഷിക രംഗത്തെ അന്തർദ്ദേശിയ പ്രസിദ്ധീകരണങ്ങൾ വായിക്കുവാനും കൃഷിശാസ്ത്രജ്ഞരുടെ വിദഗ്ധ അഭിപ്രായങ്ങൾ സ്വായത്തമാക്കാനും പിതാവ് ഏറെ ശ്രമിച്ചു. മനുഷ്യന്റെ അധ്വാനശീലം വർദ്ധിപ്പിക്കുവാനും അവന്റെ ഗുണപരമായ ആരോഗ്യ നിലവാരം ഉയർത്തുവാനും കാർഷികരംഗത്തെ ശ്രദ്ധയിലൂടെ പിതാവ് ലക്ഷ്യമിട്ടു. കടൽക്കരയിലുള്ളവരുടെ ഭക്ഷ്യ ഇനങ്ങളിലെ പോരായ്മയും മലമ്പ്രദേശങ്ങളിലുള്ളവരുടെ ഭക്ഷ്യഇനങ്ങളിലെ കുറവുകളും പിതാവ് വിശകലനം ചെയ്തു. മണ്ണിനോട് ചേർന്നു നില്ക്കുന്ന ഒരു കാർഷിക സംസ്കാരം പിതാവ് വളർത്തിയെടുത്തു. വിശക്കുന്നവന്റെ മുമ്പിൽ അപ്പമായി മാറുന്ന ദൈവത്തിന്റെ പക്ഷത്തായിരുന്നു ഗ്രിഗോറിയോസ് പിതാവ്.

കാർഷിക മേഖലയിൽ പ്രകടിപ്പിച്ച പ്രതിബദ്ധതയും താൽപ്പര്യവും ജനജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും പിതാവ് പ്രകടിപ്പിച്ചു. വിദ്യാഭ്യാസം, സാമ്പത്തിക ആസൂത്രണം, പരിസ്ഥിതി സംരക്ഷണം, പാർപ്പിട പദ്ധതി, മതസൗഹാർദ്ദം തുടങ്ങി സാധാരണക്കാരന്റെ ജീവനും സുസ്ഥിതിക്കും ഉപകരിക്കുന്ന സർവ്വ മേഖലകളിലും പിതാവ് ശ്രദ്ധയും കരുതലും ചെലുത്തി.

ജീവിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മഹത്വമാണെന്ന് പിതാവ് തന്റെ സമീപനങ്ങളിലൂടെ കാണിച്ചു തന്നു. പൊതുജനാരോഗ്യത്തിന് വളരെ ഗൗരവമായ പ്രാധാന്യം പിതാവ് നല്കി. പൊതുജനത്തെ ബാധിക്കുന്ന ആരോഗ്യ പ്രശ്നമായി കുഷ്ഠരോഗം പടർന്നു പിടിച്ചപ്പോൾ പിരപ്പൻകോട് കുഷ്ഠരോഗാശുപത്രി സ്ഥാപിച്ച് പാവങ്ങളായ രോഗികൾക്ക് ഫലപ്രദമായ ചികിത്സയും രോഗപ്രതിരോധ വഴികളും ശുചിത്വ മാർഗ്ഗ നിർദ്ദേശങ്ങളും നല്കി ആരോഗ്യപ്രവർ ത്തനരംഗത്ത് മാർഗ്ഗദർശിയായി. കേരളസമൂഹത്തിൽ നിന്ന് കുഷ്ഠ രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കർമ്മ പദ്ധതികൾ ഈ മനുഷ്യസ്നേഹി ഫലപ്രദമായി ആസൂത്രണം ചെയ്തു. ക്ഷയരോഗ പുനരധിവാസ പ്രവർത്തനങ്ങൾ പുലയനാർകോട്ടയിൽ സർക്കാർ മുൻകൈയെടുത്ത് ആവിഷ്ക്കരിച്ചപ്പോൾ അവിടെയും തളരാത്ത ഊർജ്ജവുമായി ഗ്രീഗോറിയോസ് പിതാവ് കൂടെയുണ്ടായിരുന്നു. വികലാംഗരുടെ ക്ഷേമം മുൻനിർത്തി അന്തർദ്ദേശിയ ചെഷയർ ട്രസ്റ്റ് കേരളത്തിൽ ഒരു പ്രവർത്തന കേന്ദ്രം അന്വേഷിച്ച് എത്തിയപ്പോൾ കുറവൻകോണത്തെ അഞ്ചേക്കർ വസ്തു ദാനമായി നല്കി ചെഷയർ ഹോമിന് പിതാവ് തുടക്കം കുറിച്ചു. ആരോഗ്യ പരിപാലന ശുശ്രൂഷയ്ക്ക് കാതലായ ദിശാബോധവും നേതൃത്വവും നല്കി. പൊതുജനാരോഗ്യം നിലനിർത്തുന്നതിന് സർക്കാർതല സംവിധാനത്തോട് ചേർന്ന് പ്രവർത്തിക്കാൻ പിതാവ് മടി കാണിച്ചില്ല.

സാമ്പത്തിക ശാസ്ത്രത്തിൽ അഗാധമായ ഉൾക്കാഴ്ചയുണ്ടായിരുന്ന പിതാവ് ധനതത്വശാസ്ത്ര പ്രഭാഷണങ്ങൾ നടത്താനും, സാധാരണക്കാരോട് അതീവ ലളിതമായി ധനതത്വശാസ്ത്ര പാഠങ്ങൾ പരിഹാരമാർഗ്ഗങ്ങൾ പിതാവിന് എന്നും ഇഷ്ടപ്പെട്ട മേഖലയായിരുന്നു. ഗവൺമെന്റിന്റെ സാമ്പത്തിക ബഡ്ജറ്റുകൾക്ക് വിദഗ്ധമായ വിശകലനവും മാർഗ്ഗനിർദ്ദേശവും അതാതുകാലത്തെ ഭരണാധികാരികൾ പിതാവിൽ നിന്ന് സ്വീകരിച്ചിരുന്നു. ലക്ഷം വീട് പദ്ധതിയും ലാറിബേക്കർ ശൈലിയിലുള്ള നിർമ്മാണ പദ്ധതികളും ഗ്രിഗോറിയോസ് പിതാവിന്റെ കരുണാർദ്രമായ മാനവികതയോട് കടപ്പെട്ടിരിക്കുന്നു.

വി.കുർബാന കേന്ദ്രീകൃത ജീവിതമായിരുന്നു വന്ദ്യപിതാവിന്റെ പ്രവർത്തനങ്ങൾക്കും ചിന്തകൾക്കും ദൈവീകമായ ഊർജ്ജം നല്കിയത്. ഭക്തിയോടും ശ്രദ്ധയോടുമുള്ള വി. കുർബാന അർപ്പണം, ദിവ്യകാരുണ്യ നാഥന്റെ തിരുസന്നിധിയിലുള്ള നീണ്ട യാമങ്ങളിലെ ധ്യാനം എന്നിവ സാത്വികനായ പിതാവിനെ തേജസ്സുറ്റവനാക്കി. ദിവ്യകാരുണ്യനാഥൻ നല്കിയ ഊർജ്ജ പ്രവാഹം ചുറുചുറുക്കോടെ കർമ്മനിരതനാകുവാൻ വന്ദ്യപിതാവിനെ സഹായിച്ചു. ദേവാലയത്തോടും വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനത്തോടും അത്യന്തം ആദരവും ഭക്തിയും സൂക്ഷമതയും പിതാവ് കാണിച്ചു. ദൈവികാനുഗ്രഹങ്ങളുടെ സ്രോതസ്സായ വിശുദ്ധ കൂദാശകളുടെ പരികർമ്മം അത്യന്തം ഹൃദയാനന്ദത്തോടെ പിതാവ് അനുഷ്ഠിച്ചു.

സാമുദായിക സൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ പിതാവ് നിതാന്ത ജാഗ്രത പുലർത്തി. ഇന്ത്യൻ ഭരണഘടന പരിരക്ഷണം നല്കുന്ന മത സ്വാതന്ത്ര്യവും മതങ്ങളുടെ സഹവർത്തിത്വവും അതിന്റെ ഭാവാത്മകമായ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ പിതാവ് ശ്രദ്ധിച്ചിരുന്നു. വിവിധ മതാനുയായികളോട് ആദരവും സാഹോദര്യവും ഉദാത്തമായ തരത്തിൽ പിതാവ് കാത്തുസൂക്ഷിച്ചു. മത സൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ പ്രോത്സാഹനവും നേതൃത്വവും നല്കി. നിലയ്ക്കൽ സംഭവം സമാധാനപരമായി പരിഹരിക്കാൻ ഗ്രിഗോറിയോസ് പിതാവ് ധീരമായ നേതൃത്വം നല്കി. ചാലക്കമ്പോളത്തിലും മണ്ടയ്ക്കാട്ടും വർഗ്ഗീയത ആളി കത്തിയപ്പോൾ ശാന്തിദൂതനായി ഗ്രിഗോറിയോസ് പിതാവ് ഓടിയെത്തി മതസൗഹാർദ്ദം വീണ്ടെടുത്തു. സിക്ക് കലാപം ആർഷഭാരതത്തിന്റെ സാംസ്ക്കാരിക ഔന്നത്യത്തിന് ഭീഷണിയുയർത്തിയപ്പോൾ, ദേശിയോദ്ഗ്രഥന സമിതിയുടെ അടിയന്തരയോഗം മുൻ പ്രധാനമന്ത്രി ആദരണീയനായ വി.പി. സിംഗ് വിളിച്ചുകൂട്ടിയപ്പോൾ ഗ്രിഗോറിയോസ് പിതാവിനെ പ്രത്യേകം ക്ഷണിച്ചു വരുത്തി വിലപ്പെട്ട പരിഹാര നിർദ്ദേശങ്ങൾ സ്വീകരിക്കുകയുണ്ടായി. മതാദ്ധ്യക്ഷന്മാരുമായി അത്യന്തം ആദരവ് പുലർത്താനും അവരെ ബഹുമാന പുരസ്സരം അരമനയിൽ സ്വീകരിക്കാനും പിതാവ് ശ്രദ്ധിച്ചു.

ഗ്രിഗോറിയോസ് പിതാവിന്റെ ജീവിതത്തിന്റെ ലാളിത്യം, നൈർമ്മല്യം, വിശുദ്ധി, ഉദാരത എന്നിവ അടുത്തറിയുവാനും ജീവിതത്തിൽ പ്രചോദനമായും വെല്ലുവിളിയായും സ്വീകരിക്കുവാനും വന്ദ്യ പിതാവിന്റെ ജന്മശതാബ്ദി വർഷത്തിൽ നമുക്കു സാധിക്കണം. നമ്മുടെ സമൂഹത്തെ ദീപ്തമാക്കിയ സൂര്യതേജസ്സിന് ഹൃദയാജ്ഞലി!

## ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

**തി**രുവല്ല കല്ലൂപ്പാറ ഇടുക്കുളയുടെയും അന്നമ്മയുടെയും രണ്ടാമത്തെ മകനായി 1916 ഫെബ്രുവരി 1ന് ജനിച്ചു. പുതുശ്ശേരി എൽ.പി.സ്കൂൾ, ഇരവിപേരൂർ സെന്റ് ജോൺസ് സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം.

മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ പരിശ്രമഫലമായി ആരംഭിച്ച ബഥനി പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. സെന്റ് അലോഷ്യസ് സെമിനാരി, ശ്രീലങ്കൻ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം നേടി. 1944 ആഗസ്റ്റ് 24ന് വൈദികനായി. തുടർന്ന് സെന്റ് അലോഷ്യസ് സെമിനാരിയിൽ സിറിയൻ വിഭാഗത്തിൽ അദ്ധ്യാപകനായി. 1949ൽ തൃശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ വിജയിച്ചു. 1952ൽ ആരംഭിച്ച മാർ ഈവാനിയോസ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി.

1952 ഡിസംബർ 27ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. മാർ ബനഡിക്ട് എന്ന പേരിൽ മെത്രാപ്പോലീത്തയായി. തിരുവനന്തപുരം രൂപതയുടെ സഹായമെത്രാപ്പോലീത്ത സ്ഥാനം. 1955ൽ ആർച്ച് ബിഷപ്പായി. ദേശീയകാഴ്ചപ്പാടോടുകൂടിയ പ്രവർത്തനങ്ങളിലൂടെ ബാനഡിക്ട് മാർ ഗ്രിഗോറിയോസ് പൊതുസേവകനായി. ശ്രദ്ധേയമായ സ്ഥാപനങ്ങൾ ആരംഭിക്കുകയും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുവേണ്ടിയുള്ള സേവനം പൊതുസമൂഹം അംഗീകരിക്കുകയും ചെയ്തു. കാർഷികമേഖലയിലെ പുനരുദ്ധാരണപ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റെ മികച്ച സംഭാവന. ഫലവൃക്ഷങ്ങളും, ഔഷധസസ്യങ്ങളും ഫലപ്രദമായി വളർത്തിയെടുക്കുന്നതിനുള്ള തീവ്രപരിപാടികൾ അദ്ദേഹം ആവിഷ്കരിച്ചു.

നാലു പതിറ്റാണ്ടുകാലം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടുകൂടിയ സേവനം കേരളസമൂഹത്തിന് ലഭിച്ചു. 1994 ഒക്ടോബർ 10ന് അദ്ദേഹം അന്തരിച്ചു.

# വാത്സല്യം കുറഞ്ഞുപോകുന്ന സമൂഹം



പി. എൻ.സുരേഷ്
വൈസ് ചാൻസിലർ, കേരളകലാമണ്ഡലം

**വ്യ**ക്തിത്വത്തിന്റെ ശോഭ എങ്ങനെയാണ് സമൂഹത്തിനു മാറ്റു കൂട്ടുന്നതെന്ന് നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. യാത്രയും വായനയും അതിനു സഹായിക്കും. ഇന്നു വൈഭവമുള്ളവർ കുറവാണ്. ആത്മീയ തേജസ്സ്, പ്രായോഗികമായ കാര്യക്ഷമത, ഒരു സ്ഥലത്ത് ആയിരിക്കുമ്പോൾ ആ സ്ഥലത്ത് കേന്ദ്രബിന്ദുവായിരിക്കാൻ കഴിയുക ഇതിനെയൊക്കെയാണ് വൈഭവം എന്നു പറയുന്നത്. വൈഭവമുള്ള വ്യക്തിത്വമുള്ളവർ ഇന്നത്തെ തലമുറയിൽ വളരെ കുറവാണ്. പല സമൂഹത്തെ ഉൾക്കൊള്ളുവാൻ കഴിയാതെവരുന്നു. നാം ആയിരിക്കുന്ന പദവികളിൽ, നാം ചെയ്യുന്ന ജോലികളിൽ, അത്തരത്തിലൊക്കെ അറിയപ്പെടാനാണ് നാം ആഗ്രഹിക്കുന്നത്. ഒരു വ്യക്തി എന്ന നിലയിൽ പരിചയപ്പെടുവാൻ കഴിയാതെപോകുന്നു. വ്യക്തിത്വത്തിൽ അറിയപ്പെടുവാൻ, പരിചയപ്പെടുവാൻ നമുക്ക് ധൈര്യമില്ലാതെയായിരിക്കുന്നു. അതിലൂടെ നാം സമൂഹത്തെ അറിയാതെപോകുന്നു. സമൂഹവും അറിയാതെ പോകുന്നു.

സഞ്ചാരം ശ്രേഷ്ഠമായ ഒരു കാര്യമാണ്. ഈഗോ ഇല്ലാതെയാകുന്നു എന്നതാണ് അതിന്റെ പ്രത്യേകത. വിവിധമതത്തിൽപ്പെട്ടവർ, വിവിധ അഭിരുചികളുള്ളവർ, വിവിധ വിശ്വാസികൾ ഇവരെല്ലാവരുംകൂടിയാണ് യാത്ര ചെയ്യുന്നത്. അങ്ങനെ യാത്രപോകുമ്പോൾ അവിടെ ഒരു ഭാവമേയുള്ളു. ഞാൻ യാത്ര ചെയ്യുമ്പോൾ സഞ്ചാരിയുടെ ഭാവമാണ്, പ്രസംഗിക്കുമ്പോൾ പ്രാസംഗികന്റെ ഭാവമാണ്. ഞാൻ ഡോക്ടറുടെ മുന്നിലായിരിക്കുമ്പോൾ ഒരു രോഗിയുടെ ഭാവമാണ്. ഞാൻ വീട്ടിലായിരിക്കുമ്പോൾ അച്ഛന്റെ ഭാവമാണ്. ഭാര്യയുമൊത്തിരിക്കുമ്പോൾ ഭർത്താവിന്റെ ഭാവമാണ്. നൂറു കണക്കിന് ഭാവങ്ങൾ നമ്മിലുണ്ട്.

സഞ്ചാരിയായി സമൂഹത്തോടു താദാത്മ്യം പ്രാപിക്കുമ്പോഴാണ് നമ്മളിൽ ഈഗോ ഇല്ലാതെയായിരിക്കുന്നത്. ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരന്തം ഈഗോയാണ്. അച്ഛനും മക്കളും തമ്മിൽ ഈഗോ. ഭാര്യയും ഭർത്താവും തമ്മിൽ ഈഗോ. അതുകൊണ്ട് സമൂഹത്തിൽ സംഭവിക്കുന്ന വാത്സല്യം ഇല്ലാതെവരുന്നു. സ്നേഹമില്ലാതെയാകുന്നു. അത് ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാണ്. ഇന്ന് സ്നേഹിക്കുന്നവർ നാളെ കലഹിക്കുന്നു. ഇന്ന് കലഹിക്കുന്നവർ നാളെ സ്നേഹിക്കുന്നു. പക്ഷെ, വാത്സല്യമെന്നത് നഷ്ടപ്പെടുന്നു. സ്നേഹത്തിന്റെ അനുപാതത്തിൽ കരുതൽ ഉണ്ടാകുന്നുവെന്നതാണ് വാത്സല്യം.

സമസ്തമേഖലകളിലും ഈഗോ കടന്നുകൂടിയിരിക്കുന്നതുകൊണ്ട് വാത്സല്യം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. മനുഷ്യത്വത്തിന് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഈഗോയുടെ ഭൂതം നമ്മെ ബാധിച്ചിരിക്കുന്നു. ഭൂതം ബാധിച്ചാൽ അതിന്റെ ദുരന്തം വർത്തമാനകാലത്തിൽ നാം മിസ്ഫിറ്റായി പോകും. പഴമക്കാർ പറയുന്ന ഭൂതബാധ അതാണ്. ഞാൻ കലാമണ്ഡലത്തിന്റെ വൈസ് ചാൻസിലറായിട്ടാണ് വേദികളിൽ കടന്നുചെല്ലുന്നത്. അങ്ങനെയാണ് അവിടെയുള്ളവർ എന്നെ കാണുന്നതും. യഥാർത്ഥത്തിൽ പാടില്ലാത്തതാണ്. ഭൂതം ആവേശിക്കുമ്പോഴുണ്ടാകുന്ന മിഥ്യാധാരണയാണത്. ഈഗോ ഇല്ലാതെ പെരുമാറാൻ സാധിക്കുന്നത് സഞ്ചാരത്തിലൂടെയാണെന്ന് എനിക്കു ബോധ്യപ്പെട്ടിട്ടുണ്ട്.

ഞാൻ കാരക്കുടി എന്ന സ്ഥലത്ത് ഔദ്യോഗികതയുടെ ഭാഗമായി പത്തുപന്ത്രണ്ടു ദിവസം താമസിച്ചു. ഞാൻ താമസിക്കുന്ന വീട്ടിലേക്ക് ഒരു ദിവസം നൃത്തവേഷത്തിൽ ഏഴു വിദ്യാർത്ഥികൾ കയറിവന്നു. ഭിക്ഷ യാചിക്കുവാൻ വന്നിരിക്കുകയാണ്. അരങ്ങേറ്റത്തിനുവേണ്ടി നൃത്തവേഷത്തിൽ ഭിക്ഷ യാചിക്കുവാൻ വന്നിരിക്കുന്നത് എത്ര നിന്ദ്യമാണെന്നു എനിക്കു തോന്നി. ഞാൻ അവർക്കു ഭിക്ഷ കൊടുത്തു. വിദ്യാലയത്തെക്കുറിച്ച് ചോദിച്ചറിഞ്ഞു. വൈകിട്ട് ഞാൻ ആ നൃത്തവിദ്യാലയത്തിൽ ചെന്നു. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള വിദ്യാലയം. കുലീനയായ ഒരു അയ്യങ്കാർ ലേഡിയാണ് പ്രഥമ അദ്ധ്യാപിക. ഞാൻ എന്റെ അതൃപ്തി അവരോടറിയിച്ചു. അരങ്ങേറ്റത്തിനു തയ്യാറാകുന്ന വിദ്യാർത്ഥികളെ ആ വേഷത്തിൽ ഭിക്ഷാടനം നടത്തിച്ചത് കലാ നിന്ദയാണെന്നു പറഞ്ഞു.

ചിരിച്ചുകൊണ്ട് അവർ എന്നെ അവരുടെ ഡ്രോയിംഗ് റൂമിലേക്കു ക്ഷണിച്ചു. എന്നിട്ട് പറഞ്ഞു. ഇത് ഒരു സാധനയാണ്. അരങ്ങേറ്റമെന്നത് ലോകത്തിന്റെ അരങ്ങാണ്. അവർ അണിഞ്ഞൊരുങ്ങുന്ന ദിവസം മുതൽ അവർക്ക് ആരാധകരുണ്ടാകും. ചിലപ്പോൾ ലക്ഷക്കണക്കിന് ആരാധകരുണ്ടാകും. അങ്ങനെയുണ്ടാകുമ്പോൾ ഒരിക്കലും അവരുടെ മനസ്സിൽ അഹന്ത കടന്നുകൂടാൻ പാടില്ല. അവർ ആർജ്ജിച്ച വിദ്യ മുഴുവൻ അവിടെ ഇല്ലാതെയാകും. പായലുപോലെ ആ ശോഭയ്ക്കു മുന്നിൽ അത് പടർന്ന് നിഷ്പ്രഭമാകും. അതുണ്ടാകാതിരിക്കാനാണ് ഏഴു ദിവസം നൃത്തവേഷത്തിൽ അന്യരുടെ മുന്നിൽ കൈനീട്ടുവാനായി ഞാൻ എന്റെ കുട്ടികളെ അയച്ചത്. മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടിയ ഒരാൾക്ക് എന്തഹങ്കാരമുണ്ടാകാനാണ്. എത്ര മഹനീയമായ ഒരു ദർശനമാണ് അവർ നൽകിയത്. കലാമണ്ഡലം സർവ്വകലാശാലയിൽ വൈസ് ചാൻസിലറായിട്ട് നാലഞ്ചുവർഷമായി. അവിടെ ഇരിക്കുമ്പോൾ ചില കലാകാരന്മാരെയും കലാകാരികളെയും കാണുമ്പോൾ എനിക്കു തോന്നാറുണ്ട് ഇവരെയൊക്കെ ഏഴുവർഷം വരെ ഭിക്ഷാടനത്തിനായി വിട്ടാൽ നന്നായിരുന്നുവെന്ന്. സമഭാവനയോടുകൂടി സഞ്ചാരം നടത്തുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ നേട്ടം ഈഗോ ഇല്ലാതാകുന്നുവെന്നതാണ്.

എന്റെ ഒരനുഭവം ഞാൻ പങ്കുവയ്ക്കാം. കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസിലെ കേരളത്തിൽ നിന്നുള്ള പ്രതിനിധിയാണ് ഞാൻ. രണ്ടുവർഷം മുമ്പ് അവിടെ ഞാൻ ഒരു മീറ്റിംഗിൽ പങ്കെടുക്കുവാനായി ഡൽഹിയിലെത്തി. ഡോ.കരൺസിംഗാണ് സമിതിയുടെ അദ്ധ്യക്ഷൻ. അതിലെ അംഗങ്ങൾക്ക് ഒരു പ്രിവിലേജുണ്ട്. ഫൈവ് സ്റ്റാർ ഹോട്ടലിലാണ് താമസം. ഒരു ഉദ്യോഗസ്ഥൻ കൂടെയുണ്ടാവും. ഒരു വാഹനവും സൗകര്യാർത്ഥം കിട്ടും. അശോക ഹോട്ടലിന്റെ ഏഴാം നിലയിൽ എനിയ്ക്ക് താമസസൗകര്യം ലഭിച്ചു. പിറ്റേദിവസം രാവിലെ ഒമ്പത് മണിയ്ക്ക് ഞാൻ മീറ്റിംഗിന് പോകാനായിട്ട് മുറിയുടെ പുറത്തിറങ്ങി. ഞാൻ മുറിയടച്ച് വലതുവശത്തേക്ക് നോക്കുമ്പോൾ ഒരു ബുദ്ധ സന്യാസി ഒരു സഹായിയുമായി കടന്നുവരുന്നു. ഞാൻ നടന്ന് ലിഫ്റ്റിന് അടുത്തെത്തി.

ബുദ്ധസന്യാസി വളരെ തിടുക്കത്തിൽ നടന്നുവന്ന് എന്റെ മുന്നിലെത്തി. ഒരു ചെറിയ കടലാസ് എനിക്കുമുന്നിൽ നീട്ടി. സാധാരണ മിഷനറി പ്രവർത്തകരും പുരോഹിതന്മാരും ചെയ്യുന്നതുപോലെയാണ് എനിക്ക് തോന്നിയത്. ഞാനത് വാങ്ങാതെ എന്താണെന്നു ചോദിച്ചു. താങ്കളുടെ ഫയലിൽ നിന്നും പോയതാണ്. അദ്ദേഹം പറഞ്ഞു. ഞാനത് വാങ്ങിച്ച് നന്ദി പറഞ്ഞു.

ഞാൻ ആരാണെന്ന് ചോദിച്ചു.

കലാമണ്ഡലം എന്നൊന്നും പറഞ്ഞാൽ മനസ്സിലാവില്ലെന്നു കരുതി കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറാണെന്നു പറഞ്ഞു.

എവിടെ പോകയാണ്?

ഐ.സി.സി.ആറിന്റെ പരിപാടിയാണ്. ഞാൻ അതിലെ അംഗമാണ്.

സന്തോഷം. ഫയൽ ഒന്നുകൂടി നോക്കി വേണ്ടതൊക്കെ എടുത്തിട്ടുണ്ടോ എന്നു ചോദിച്ചു.

എനിയ്ക്കത് അപമാനമായി തോന്നി. ഒരു പേപ്പർ താഴെ പോയി എന്നത് ശരിയാണ്. അതെടുത്തു തന്നുവെന്നത് നല്ലകാര്യം. അതിനപ്പുറമായി എന്നെപ്പോലെ ഒരാളിനോട് ഒരു ബുദ്ധസന്യാസിക്ക് ഇങ്ങനെ ചോദിക്കേണ്ട കാര്യമൊന്നുമില്ല എന്ന മനോഭാവമായിരുന്നു എന്നിൽ.

ലിഫ്റ്റ് വരാൻ പിന്നെയും കുറച്ചുസമയമെടുത്തു.

ലിഫ്റ്റ് വന്നു. ഞാൻ ആദ്യം കയറി. ബുദ്ധസന്യാസിയും സഹായിയും എന്റെ പുറകെ കയറി. ഞാൻ അദ്ദേഹത്തെ നോക്കാതെ തിരിഞ്ഞുനിൽക്കുകയാണ്. ബാലിശമായ മുഖഭാവത്തോടെ അദ്ദേഹം എന്നെ നോക്കി ചിരിച്ചുകൊണ്ട് നിൽക്കുകയാണെന്ന് കണ്ണാടിയിൽ കൂടി ഞാൻ മനസ്സിലാക്കി.

ലിഫ്റ്റ് താഴെയെത്തി. വാതിൽ തുറന്നു. ഞാൻ ഞെട്ടിപ്പോയി.

ഡൽഹി ലഫ്റ്റനന്റ് ഗവർണറും, രണ്ടു കേന്ദ്രമന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥന്മാരുടെയും ഒരു വലിയ നിര ഈ ബുദ്ധ സന്യാസിയെ സ്വീകരിക്കാൻ നിൽക്കുകയാണ്.

ടിബറ്റിന്റെ ആത്മീയാചാര്യനായ ദലൈലാമയായിരുന്നു അത്.

ഞാൻ എത്രയോ ചെറുതായതായി എനിക്ക് തോന്നി. അവിടെയാണ് ഈഗോ ബഹുദൂരം സൗഭാഗ്യങ്ങളെ മാറ്റിനിർത്തിയത്. സഞ്ചരിച്ചു എന്നതുകൊണ്ടുമാത്രം കാര്യമില്ല. ഞാനും സഞ്ചരിച്ചു. സമഭാവനയോടുകൂടി സമൂഹത്തെ നോക്കിക്കാണാൻ കഴിയണമെങ്കിൽ സന്തോഷത്തോടെയല്ല, ആനന്ദത്തോടെ യാത്ര ചെയ്യുമ്പോഴാണ് നമ്മൾ നമ്മുടെ സമൂഹത്തിന്റെ ഭാഗമാകുന്നത്. നമുക്കത് ഉൾക്കൊള്ളാൻ സാധിക്കുന്നത്.

പ്രകൃതിയെ പ്രകൃത്വപരമായി കാണുന്ന ഏക ജീവജാലം മനുഷ്യനാണ്. നിർബന്ധിതമായി യാത്ര ചെയ്യാൻ വിധിക്കപ്പെടുന്നവർക്ക് എന്റെ അനുഭവം തന്നെയായിരിക്കും ഉണ്ടാകുന്നത്.

സിവിൽ സർവ്വീസ് കിട്ടുന്നവർക്ക് ഭാരത് സഞ്ചാർ എന്ന ഒരു പരിപാടിയുണ്ട്. അവർ ഭാരതം മുഴുവൻ സഞ്ചരിക്കണം. അങ്ങനെ സഞ്ചരിച്ച് സിവിൽ സർവ്വീസിൽ പ്രവേശനം ലഭിച്ച ഇരുപത്തിനാലു പേർ ആറന്മുള വാസ്തുവിദ്യാകേന്ദ്രത്തിൽ വന്നു. പകൽ മുഴുവൻ അവർ ആറന്മുളയും ആറന്മുള കണ്ണാടിയും പള്ളിയോടങ്ങളുമൊക്കെ കണ്ടു. വൈകിട്ട് സത്രത്തിൽ അവർക്ക് ഡിന്നർ. അതിൽ കേരളത്തിൽനിന്നുള്ള ഏഴുപേരുണ്ട്. ഐ.എ.എസ്. ഐ.പി.എസ്. ഐ.എഫ്. എസ് കാരാണ്. ഞാൻ അവരോടു ചില കാര്യങ്ങൾ സംസാരിച്ചു.

എന്റെ ഗുരുവായിരുന്ന ഡോ.ഡി. ബാബുപോളിന്റെ ചില ആശയങ്ങൾ പങ്കുവെച്ചു. ചെസ്റ്റ് എന്നത് നിയമമാണ്. ഹെഡ് എന്നത് ബ്യൂറോക്രസിയാണ്. ഇതിനിടയ്ക്ക് ദൈവം കഴുത്ത് കൊടുത്തു. അത് ഡിപ്ലോമസിയാണ്. ഇത് മിക്കവാറും അദ്ദേഹം പറയാറുള്ള കാര്യമാണ്. അങ്ങനെവേണം കാര്യങ്ങൾ നടത്തിയെടുക്കാൻ എന്ന് അദ്ദേഹം പറയുമായിരുന്നു. ദൈവം ഫ്ളക്സിബിളായ ഒരു കഴുത്ത് നൽകിയിരിക്കുന്നത് അതിനാണെന്ന് അദ്ദേഹം പറയാറുണ്ട്. എങ്ങനെയാണ് അദ്ദേഹത്തിന്റെ ഭരണത്തിന്റെ ശൈലിയെന്ന് ഞാൻ അവർക്ക് പറഞ്ഞുകൊടുത്തു.

ആറന്മുള വാസ്തുവിദ്യാകേന്ദ്രത്തിന്റെ ഫയൽ അഡീഷണൽ ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റിൽ നൽകി. ബാബുപോളിന്റെ അഡീഷണൽ സെക്രട്ടറിയായ രഘുനാഥൻനായർ ഒരു കാര്യവും നടത്താത്ത ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം ആ ഫയൽ ഏഴുമാസം താമസിപ്പിച്ചു. ഞാൻ പ്രൊഫേഷനറീസിനോട് ഈ കഥ പറയുകയാണ്.

സഹികെട്ട് ഞാൻ ബാബുപോൾ സാറിന്റെ ചേംബറിലേക്ക് കയറിച്ചെന്നു.

എന്നെ ഇൻസൾട്ട് ചെയ്യുന്ന തരത്തിലാണ് അഡീഷണൽ സെക്രട്ടറി പെരുമാറുന്നത്. പക്ഷേ, അഡീഷണൽ സെക്രട്ടറിയെ പിണക്കാൻ ബാബുപോൾ സാറിന് മനസ്സില്ല. കാരണം അദ്ദേഹം വിശ്വസ്തനാണ്.

രഘുവിന് വിവാഹം കഴിക്കണമെന്ന് തോന്നിത്തുടങ്ങിയത് മുപ്പത്തിമൂന്നാമത്തെ വയസ്സിലാണ്. രഘു വിവാഹം കഴിച്ചത് നാല്പത്തിയഞ്ചാമത്തെ വയസ്സിലാണ്. രഘുവിന് ആദ്യത്തെ കുട്ടിയുണ്ടായത് അമ്പത്തിമൂന്നാമത്തെ വയസ്സിലാണ്. അദ്ദേഹം സ്ലോ ആണ്. ഇതു കേട്ട ആർക്കും അതിന്റെ സാരസ്യം പിടികിട്ടും. ഈ ഇരുപത്തിനാലുപേരിൽ ഒരൊറ്റയെണ്ണം ചിരിച്ചില്ല. മുന്നിലിരുന്ന മലയാളിയോട് ചോദിച്ചു. ഞാൻ പറഞ്ഞത് നിനക്ക് മനസ്സിലായോ എന്ന്.

അവൻ എന്നോടു പറഞ്ഞ മറുപടി എന്താണെന്നറിയുമോ?

നാല്പത്തിയഞ്ചുവയസ്സുകഴിഞ്ഞാൽ മരുന്നൊക്കെ കഴിച്ച് താമസിച്ചേ കുട്ടികൾ ഉണ്ടാകുകയുള്ളൂവെന്ന് എന്റെ പിതാവ് പറഞ്ഞറിയാം എന്നാണ് അവൻ എന്നോട്ടു പറഞ്ഞത്.

സഹൃദയത്വമില്ലാത്ത ഒരു തലമുറ നമ്മുക്കിടിയിൽ ഉണ്ടായിരിക്കുന്നു. എന്തിനെയും ഗൗരവമായി സമീപിക്കുന്നു. സഹാനുഭൂതിയും സന്തോഷകരമായ സന്ദർഭങ്ങളും അവരിൽ നിന്നും കൈമോശം വന്നിരിക്കുന്നു.

യാത്രയിലുടനീളം സൗഹൃദയത്വമാണ് കാണുന്നത്. അത് നമ്മളെ വിശാലമനസ്സുകളാക്കിമാറ്റുന്നു.

(കോഴഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്ന എക്സ്പ്ലോറർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നെബു തോമസിന്റെ *കാഴ്ച ഉൾക്കാഴ്ച* പുസ്തകപ്രകാശനച്ചടങ്ങിൽ നടത്തിയ പ്രസംഗം

– ജോർജ് തഴക്കര)



*ഡിസംബർ 04 അനുസ്മരണം*

# വി.ആർ.കൃഷ്ണയ്യർ

**ജോർജ് തഴക്കര**

**അ**ഭിഭാഷകൻ, നിയമസഭാ സാമാജികൻ, മന്ത്രി, ഹൈക്കോടതി ജഡ്ജി, സുപ്രീം കോടതി ജഡ്ജി, ലോ കമ്മീഷൻ അംഗം, വാഗ്മി, ഗ്രന്ഥകാരൻ, പൊതുപ്രവർത്തകൻ എന്നീ നിലകളിൽ വി.ആർ.കൃഷ്ണയ്യർ അറിയപ്പെടുന്നു.

1915 നവംബർ 15ന് പാലക്കാട് ജില്ലയിലെ കല്പാത്തി പുഴയുടെ തീരത്തുള്ള വൈദ്യനാഥപുരത്ത് ജനിച്ചു. അച്ഛൻ അഭിഭാഷകനായ വി.വി. രാമയ്യർ. അമ്മ ശേഖരീപുരത്ത് അമ്മാളുവമ്മ. ഏഴു മക്കളിൽ രണ്ടാമനായിരുന്നു കൃഷ്ണയ്യർ.

ഐക്യകേരളം രൂപപ്പെട്ടതിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ വി.ആർ. കൃഷ്ണയ്യർ കമ്യൂണിസ്റ്റു പാർട്ടിയുടെ പിൻതുണയോടെ സ്വതന്ത്രനായി കണ്ണൂരിൽ നിന്നും മത്സരിച്ചു വിജയിച്ചു. 42-ാം വയസ്സിൽ മന്ത്രിയായി. നിയമം, ആഭ്യന്തരം, ജയിൽ, സാമൂഹിക ക്ഷേമം, വൈദ്യുതി എന്നീ വകുപ്പുകളാണ് ലഭിച്ചത്.

ബ്രിട്ടീഷ് പോലീസിന്റെ മനുഷ്യത്വരഹിതമായ പെരുമാറ്റമായിരുന്നു എല്ലാ ജയിലറകളിലും നടമാടിയിരുന്നത്. കുറ്റവാളികളെ നഗ്നരാക്കി ചോദ്യം ചെയ്യുന്ന രീതി നിർത്തലാക്കി. ജയിൽ വാർഡന്റെ മുന്നിൽ വെച്ച് മലമൂത്രവിസർജ്ജനം നടത്തുവാൻ നിർബന്ധിതരായിരുന്നു. അത്തരത്തിലുള്ള കാപാലിക പ്രവർത്തനങ്ങൾക്ക് വിരാമമിട്ടു. ജയലറകളിൽ സൂര്യപ്രകാശം ലഭ്യമാക്കി. മാന്യമായ വസ്ത്രം അനുവദിച്ചു. കാന്റീനുകൾ സ്ഥാപിച്ചു. അവരുടെ ജീവിതം മൃഗങ്ങളുടേതിനെക്കാൾ മെച്ചമാക്കി.

ഭൂവുടമസമ്പ്രദായത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ സഹായിച്ച ഭൂപരിഷ്കരണത്തിന്റെ ഉപജ്ഞാതാവായി. മലബാറിലെ വൈദ്യുതി വിതരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു. കുറ്റിയാടി പദ്ധതിക്ക് തുടക്കം കുറിച്ചു. കായംകുളം കായൽ നികത്തി ജനങ്ങളുടെ സഹകരണത്തോടെ കൃഷിയിറക്കാനുള്ള പദ്ധതിക്കു തുടക്കമിട്ടു. ചുരുങ്ങിയ കാലം കൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനമാണ് നടപ്പിലാക്കിയത്. നിയമ മന്ത്രി എന്ന നിലയിൽ ആദ്യമായി ഒരു വനിതാജഡ്ജിയായി അന്നാ ചാണ്ടിയെ നിയമിക്കുവാൻ കഴിഞ്ഞു.

വിമോചനസമരത്തിലൂടെ ഇം.എം.എസ് ഭരണത്തെ അട്ടിമറിക്കാൻ നടത്തിയ ശ്രമത്തിൽനിന്നും മോചനം നേടുന്നതിന്റെ ഭാഗമായി യഥാർത്ഥ സംഭവങ്ങൾ പ്രധാനമന്ത്രിയെ നേരിട്ട് അറിയിക്കുന്നതിനായി മുഖ്യമന്ത്രി വി.ആർ.കൃഷ്ണയ്യരെ ചുമതലപ്പെടുത്തി. എ.ഐ.സി.സി.സമ്മേളനം നടക്കുന്ന ഊട്ടിയിൽ വച്ച് പ്രധാനമന്ത്രിയെ കണ്ടുവെങ്കിലും പാർട്ടിയുടെ ചുമതല വഹിക്കുന്ന ഇന്ദിരാഗാന്ധിയെ കണ്ടു സംസാരിക്കുവാൻ നിർദ്ദേശിച്ചു. ഇന്ദിരാഗാന്ധി അതിന് തയ്യാറായില്ല. മന്ത്രിസഭ പിരിച്ചുവിട്ടു.

1960ൽ കണ്ണൂരിൽനിന്നും വീണ്ടും മത്സരിച്ചുവെങ്കിലും കോൺഗ്രസ് സ്ഥാനാർത്ഥി പി.കുഞ്ഞിരാമൻ വക്കീലിനോട് 25 വോട്ടിന് തോറ്റു. വോട്ടെണ്ണലിൽ കൃത്രിമം കാണിച്ചുവെന്നാരോപിച്ചുകൊണ്ട് കൃഷ്ണയ്യർ ഇലക്ഷൻ ട്രിബ്യൂണലിനെ സമീപിച്ചു. വീണ്ടും വോട്ടെണ്ണിയപ്പോൾ 100 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിക്കുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകാത്തതുകൊണ്ട് കൂടുതൽ പ്രലോഭനവും ഉണ്ടായില്ല. വി.ആർ.കൃഷ്ണയ്യർ അഭിഭാഷവൃത്തിലേക്ക് തിരിച്ചുപോയി. പേരും പെരുമയും അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ജൂനിയർ വക്കീലന്മാരുണ്ടായിരുന്ന സീനിയർ അഭിഭാഷകനായിരുന്നു കൃഷ്ണയ്യർ. കേരള ഹൈക്കോർട്ട് ചീഫ് ജസ്റ്റീസായിരുന്ന എം.എസ്.മേനോന്റെ അനുകൂല നിലപാടിന്റെ സാഹചര്യത്തിൽ വി.ആർ.കൃഷ്ണയ്യർ 1968ൽ ഹൈക്കോടതി ജഡ്ജിയായി. വലിയ വെള്ളിദണ്ഡുമായി കോടതിയിലേക്ക് ആനയിച്ചുകൊണ്ടുപോകുന്ന 'പ്യൂണേജ്' സമ്പ്രദായം ചുമതലയേറ്റദിവസം തന്നെ നിർത്തലാക്കി.

ചിരകാലസുഹൃത്തായിരുന്ന എസ്. മോഹൻ കുമാരമംഗലത്തിന്റെ താല്പര്യപ്രകാരം 1970ൽ ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ ലോ കമ്മീഷൻ ഓഫ് ഇന്ത്യയിൽ അംഗമായി. പ്രസിഡന്റിനും പ്രധാനമന്ത്രിക്കും കൃഷ്ണയ്യരുടെ പ്രാഗത്ഭ്യം അടുത്തറിയുവാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതായിരുന്നു ആ പ്രേരണയുടെ പിന്നിലുണ്ടായിരുന്ന ലക്ഷ്യം. 1973ൽ പാവങ്ങൾക്കു നിയമസഹായം ലഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്ന കേന്ദ്രസമിതിയിയുടെ അദ്ധ്യക്ഷനായി നിയമിതനായതോടുകൂടിയാണ് വി.ആർ.കൃഷ്ണയ്യർ ദേശിയതലത്തിൽ അംഗീകരിക്കപ്പെടുന്നത്.

പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാജ്യത്ത് നടപ്പിലാക്കാൻ പോകുന്ന ചില പരിഷ്കാരങ്ങൾക്ക് കോടതിയുടെ അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. അവയിൽ പ്രധാനമായിരുന്നു ബാങ്കുകളുടെ ദേശസാൽക്കരണം. കേശവാനന്ദഭാരതി കേസിൽ കേന്ദ്രസ ർക്കാരിനു അനഭിമതരായ മൂന്നു ജഡ്ജിമാർ രാജിവയ്ക്കാൻ നിർബന്ധിതമായ സാഹചര്യമുണ്ടായി. സർക്കാരുമായി സഹകരിക്കുന്ന ജഡ്ജിമാരെ അന്വേഷിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ പേര് പ്രധാനമന്ത്രിയുടെ ഓഫീസിലെത്തുന്നത്. വി.കെ.കൃഷ്ണമേനോൻ സ്മാരകസമിതിയുടെ സ്ഥാപകപ്രസിഡന്റ് എന്ന നിലയിൽ നടത്തിയ പ്രഥമ അനുസ്മരണസമ്മേളനത്തിന്റെ അദ്ധ്യക്ഷ ഇന്ദിരാഗാന്ധിയായിരുന്നു. മറ്റു പല പ്രധാന സമ്മേളനങ്ങളിലും പ്രധാനമന്ത്രിയോടൊപ്പം പങ്കെടുക്കുവാനും കഴിഞ്ഞു. കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭയിലെ അംഗമായിരുന്നുവെങ്കിലും വി.ആർ.കൃഷ്ണയ്യരുടെ നിയമ വൈദഗ്ദ്ധ്യത്തിൽ പ്രധാനമന്ത്രി സംതൃപ്തയായിരുന്നു. ചീഫ് ജസ്റ്റീസ് സിക്രിയുടെ വിയോജിപ്പ് ഉണ്ടായിരുന്നിട്ടും 1973ൽ ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ സുപ്രീം കോടതി ജഡ്ജിയായി.

ഏഴു വർഷവും നാലു മാസവും അദ്ദേഹം നീതിന്യായപീഠത്തെ അലങ്കരിച്ചു. നീതിയിൽ കാരുണ്യത്തിന്റെ സ്പർശം വെളിപ്പെടുത്തുന്ന നിയമവ്യവസ്ഥയുടെ പ്രചാരകനായി മാറി. ഒരുവേള ജസ്റ്റീസ് പഞ്ചാബിലെ ഒരു ജയിൽ സന്ദർശിച്ചു. അവിടെയുള്ള ഒരു തടവുകാരനുമായി സംസാരിച്ചു. ജയിൽ ചട്ടങ്ങളെക്കുറിച്ച് അറിയുവാൻ കഴിയാത്തതുകൊണ്ട് അതു പാലിക്കാനും കഴിയുന്നില്ലായെന്ന് അയാൾ പറഞ്ഞു. 'ഈ ഇരുട്ടിൽ കിടക്കുന്നവന് എന്ത് അവകാശം സാറെ, വെള്ളമില്ല, വെളിച്ചവുമില്ല. പലപ്പോഴും മർദ്ദനം മാത്രം'. തന്റെ ജയിൽ ജീവിതത്തെക്കുറിച്ച് ജസ്റ്റീസ് ഓർത്തു. ഇംഗ്ലീഷ് ഭാഷയിൽ മാത്രം അച്ചടിച്ച് ആരും കാണാത്തിടത്ത് വച്ചിരുന്ന ജയിൽച്ചട്ടങ്ങൾ പ്രാദേശിക ഭാഷകളിലാക്കാനും അത് തടവുകാർക്ക് ലഭിക്കുന്നതിനുമുള്ള ഉത്തരവ് നൽകി.

തടവുകാർക്കും അവകാശങ്ങൾ ഉണ്ടെന്നുള്ള വിധി നിയമരംഗത്തുണ്ടായ വിപ്ലവകരമായ മാറ്റമായിരുന്നു. സുനിൽ ബത്ര കേസ് തന്റെ മുന്നിൽ വരുമ്പോൾ വളരെമുമ്പുതന്നെ തന്റെ മനസ്സിൽ കുറിച്ചിട്ട വിധി അതിലൂടെ നടപ്പിലാക്കുകയായിരുന്നു. മറ്റൊരു അവസരത്തിൽ തീഹാർ ജയിൽ സന്ദർശിക്കുവാൻ ജസ്റ്റീസ് തയ്യാറായപ്പോൾ അവിടെ കണ്ട പരിഷ്കരണത്തിന്റെ പേരിൽ ജയിൽ ഐ.ജി.കിരൺബേദിയെ അഭിനന്ദിച്ചപ്പോൾ 'അങ്ങ് പുറപ്പെടുവിച്ച മഹത്തായ വിധിയാണ് ഇതിനു പ്രേരകമായത്' എന്നു പറയുകയുണ്ടായി.

കരുതൽ തടങ്കലിനെ എതിർത്തു. ഭ്രാന്തോ, അപകടകാരിയല്ലാത്തവരെയോ വിലങ്ങുവെച്ചു കൊണ്ടുപോകരുതെന്ന് വിധിച്ചു. സിറ്റിസൺ ഫോർ ഡെമോക്രസി എന്ന സംഘടന നിരവധി കേസുകളിൽ കക്ഷിചേർന്നതിന്റെ ഫലമായി നീതി ലഭിക്കുന്നതിനുള്ള അവസരങ്ങൾ സംജാതമായി.

ജയിലിൽ കഴിയുന്നവർക്ക് മനുഷ്യാവകാശമുണ്ടെന്നും അവർ ചെയ്യുന്ന ജോലിക്ക് വേതനം നൽകണമെന്നും വിധിച്ചു. ഈ വിധിയെ തുടർന്നാണ് ജയിൽക്കാലയളവിൽ ജോലി ചെയ്യുന്നവർക്ക് കൂലി ലഭിച്ചുതുടങ്ങിയത്. കോടതിയിൽ ലഭിക്കുന്ന കത്തുകൾ ഹർജിയായി പരിഗണിക്കാമെന്നു നിർദ്ദേശിച്ചു. കോടതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം കൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നതെന്നതായിരുന്നു വിധിന്യായത്തിലൂടെ പ്രകടിപ്പിച്ചത്.

കോടതി ഉത്തരവനുസരിച്ച് വീട്ടേണ്ടതായ കടം വീട്ടാൻ പണമില്ലാത്തതിന്റെ പേരിൽ ജയിലിലേക്ക് അയക്കുന്നതു ശരിയല്ലായെന്ന ജോളി ജോർജ് വർഗീസ് കേസ് വിധി നിലവിലുള്ള നിലപാടുകളിൽ മാറ്റമുണ്ടാക്കുവാൻ സഹായിച്ചു.

മുനിസിപ്പാലിറ്റിയുടെ പ്രധാന ചുമതല ശുചീകരണമാണെന്നും സാമ്പത്തികം ഇല്ലാത്തതിന്റെ പേരു പറഞ്ഞ് അതിൽനിന്നും പിൻമാറുവാൻ കഴിയില്ലായെന്നും റത്‌ലാം മുനിസിപ്പാലിറ്റി വിധിയിലൂടെ ജനക്ഷേമത്തിന്റെ അടിസ്ഥാനപാഠത്തെ ഊട്ടിയുറപ്പിക്കുവാനും കഴിഞ്ഞു.

നിയമവ്യവസ്ഥിതിയിലെ ആത്മാവിനെ കണ്ടെത്താൻ കഴിഞ്ഞുവെന്നതാണ് ന്യായാധിപൻ എന്ന നിലയിൽ ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യരെ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിക്കുവാൻ സഹായിച്ചത്.

ഇന്ദിരാഗാന്ധിയുടെ റായ്ബറേലി വിജയത്തിനു പിന്നിൽ അഴിമതിയുണ്ടെന്നാരോപിച്ചുകൊണ്ട് ജയപ്രകാശ് നാരായണൻ അലഹബാദ് ഹൈക്കോടതിയിൽ നൽകിയ കേസിൽ ഇന്ദിരാഗാന്ധിക്ക് എതിരെയായിരുന്നു ജസ്റ്റീസ് ഖന്നയുടെ വിധി. തെരഞ്ഞെടുപ്പ് റദ്ദാക്കിയ കോടതി ഇന്ദിരാഗാന്ധിക്ക് ആറു വർഷത്തെ അയോഗ്യത കല്പിച്ചു. വിധി പൂർണ്ണമായും സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ദിരാഗാന്ധി സുപ്രീം കോടതിയെ സമീപിച്ചു. 1975 ജൂണിലെ അവധിക്കാല ബഞ്ചിൽ ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യരായിരുന്നു വെക്കേഷൻ ജഡ്ജി. ഇന്ദിരാഗാന്ധിക്കുവേണ്ടി ഹാജരായത് പ്രശസ്ത വക്കീലായ എൻ.എ. പാൽക്കിവാലയായിരുന്നു. ഹർജിക്കു മുമ്പ് പ്രധാനമന്ത്രിയുടെ ദൂതൻ ജസ്റ്റീസിനെ കാണണമെന്ന ആവശ്യമുന്നയിച്ചപ്പോൾ അത് നിരാകരിക്കുകയുണ്ടായി. വൻ സുരക്ഷയൊരുക്കി ഒരു പകൽ മുഴുവൻ വാദം കേട്ടു. പിറ്റേ ദിവസം വിധി പറയുവാനായി മാറ്റിവച്ചു. 'പ്രധാനമന്ത്രി എന്ന നിലയിൽ ഇന്ദിരാഗാന്ധിക്ക് പാർലമെന്റിന്റെ ഇരുസഭകളിലും സംസാരിക്കാം. എന്നാൽ പാർലമെന്റ് അംഗം എന്ന നിലയിൽ ലോകസഭാ നടപടികളിൽ പങ്കെടുക്കാനോ വോട്ടു ചെയ്യാനോ പാടില്ല' എന്ന നിബന്ധനയോടെ ഹൈക്കോടതി വിധിക്ക് സോപാധിക സ്റ്റേ അനുവദിച്ചു. ജസ്റ്റീസിന്റെ വിധി അനുകൂലവും പ്രതികൂലവുമായിരുന്നു. ആ വിധിയിൽ അവ്യക്തത ഉണ്ടെന്നുള്ള വാദം തുടരുന്നു. വാദം നടന്ന രാത്രിയിൽ തന്നെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തിരാവസ്ഥ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നു.

1980ൽ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അറുപത്തിയഞ്ചാം വയസ്സിൽ വിരമിച്ചു.

1984ൽ ഇടതുപക്ഷത്തിന്റെ പിൻതുണയോടെ രാഷ്ട്രപതിസ്ഥാനത്തേക്ക് അദ്ദേഹം മത്സരിച്ചു. ആർ.വെങ്കിട്ടരാമൻ വിജയിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ പല വിധികളും വിദേശരാജ്യങ്ങളിലെ വിധികളിൽപോലും ഉദ്ധരിച്ചിട്ടുണ്ട്. നവീനമായ ആശയങ്ങൾക്ക് കരുത്തുള്ള ഭാഷ വേണമെന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. വിധിയെഴുത്തിൽ കാരുണ്യത്തിനും സ്വപ്നങ്ങൾക്കും പ്രത്യാശയ്ക്കും ഇടനൽകി. പല വാക്കുകൾ അദ്ദേഹം സൃഷ്ടിക്കുകയുണ്ടായി. അന്ത്യോദയ, ഗസാസിനേഷൻ, ഗ്ലോബോഷിമ, ജൂറിസ് പ്രൂഡൻസ് തുടങ്ങിയ അദ്ദേഹത്തിന്റേതായ വാക്കുകൾ ഓക്സ്ഫോർഡ് ഡിക്ഷനറിയിൽ ഇടം നേടിയിട്ടുണ്ട്.

അപ്രിയസത്യങ്ങൾ തുറന്നുപറയുന്നതിൽ ഒരു ലോഭവും കാട്ടിയിരുന്നില്ലായെന്നുമാത്രമല്ല, ചില പരാമർശങ്ങൾ കോടതിയലക്ഷ്യത്തി

# വൈശാഖമുനിയുടെ ഔഷധസസ്യങ്ങൾ

■ സിപ്പി പള്ളിപ്പുറം

**തി**കഞ്ഞ ശ്രദ്ധയോടുകൂടിയായിരിക്കണം നാം ഓരോ ജോലിയും ചെയ്യേണ്ടത്. 'ഒരാൾ ഒരു ജോലി എത്ര കൂടുതലായി ചെയ്യുന്നു എന്നതിലല്ല; എത്രയ്ക്ക് ചിട്ടയായും ഭംഗിയായും ചെയ്യുന്നു എന്നതിലാണ് അതിന്റെ വിജയം കുടികൊള്ളുന്നതെ'ന്ന് ദക്ഷിണാഫ്രിക്കയുടെ വിമോചനനായകനായ നെൽസൺ മണ്ടേല ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ചിലർ യാതൊരു വിശ്രമവുമില്ലാതെ വാരിവലിച്ച് ജോലികൾ ചെയ്യും.

പക്ഷേ അതൊക്കെ വേണ്ടത്ര വിജയിക്കാതെ പോകും.

ഗംഗാനദിയുടെ തീരത്ത് വൈശാഖൻ എന്നൊരു മഹാഗുരു താമസിച്ചിരുന്നു. അദ്ദേഹത്തിന്റെ ആശ്രമവളപ്പിൽ നിറയെ പലതരം ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും നട്ടുപിടിപ്പിച്ചിരുന്നു.

ആശ്രമത്തിൽ അദ്ദേഹത്തിന് രണ്ട് പ്രധാന ശിഷ്യന്മാരുണ്ടായിരുന്നു; സൂര്യനും, വേദനും.

ഒരിക്കൽ വൈശാഖ ഗുരു ഹിമാലയത്തിൽ നിന്ന് കുറേ ഔഷധസസ്യങ്ങളുടെ തൈകൾ കൊണ്ടുവന്നു. അവയെല്ലാം ആശ്രമവളപ്പിൽ നടാൻ ഗുരുദേവൻ ശിഷ്യന്മാരോട് നിർദ്ദേശിച്ചു. എന്നിട്ട് അദ്ദേഹം ഗോക്കളെ പരിപാലിക്കാൻ പോയി.

ഗുരുവിന്റെ നിർദ്ദേശാനുസരണം സൂര്യനും, വേദനും അവിടെവിടെയായി കുഴികൾ കുഴിച്ച് തൈകൾ നട്ടു.

ഉച്ചയ്ക്കുമുമ്പായി വൈശാഖഗുരു തിരിച്ചുവന്നു. അദ്ദേഹം ചോദിച്ചു.

'സൂര്യാ, നീ എത്ര ചെടികൾ കുഴിച്ചിട്ടു?'

'ഞാൻ ഇരുപതെണ്ണം കുഴിച്ചിട്ടു ഗുരുദേവാ'- അവൻ തികഞ്ഞ അഭിമാനത്തോടെ തലനിവർത്തിപ്പിടിച്ചു.

'മിടുക്കൻ, മിടുമിടുക്കൻ!' ഗുരുദേവൻ സൂര്യനെ അഭിനന്ദിച്ചു.

അടുത്തതായി അദ്ദേഹം വേദനോടു ചോദിച്ചു

'ശിഷ്യാ, നീ എത്രയെണ്ണം കുഴിച്ചിട്ടു?'

'ഗുരുദേവാ, പൊറുക്കണം. എനിക്ക് അഞ്ചു ചെടികളേ നടാൻ കഴിഞ്ഞുള്ളൂ.' വേദൻ കൂപ്പുകരങ്ങളോടെ അറിയിച്ചു.

'മിടുക്കൻ, മിടുമിടുക്കൻ!' ഗുരുദേവൻ ഒരു കുറവും കൂടാതെ തന്നെ വേദനേയും അഭിനന്ദിച്ചു.

ഇതു കേട്ടപ്പോൾ സൂര്യന്റെ മുഖം കറുത്തു. അവനത് സഹിക്കാൻ കഴിഞ്ഞില്ല. അവൻ ചോദിച്ചു. 'ഗുരുദേവാ, ഇരുപതു ചെടികൾ നട്ട എന്നെയും വെറും അഞ്ചു ചെടികൾ നട്ട വേദനേയും അങ്ങ് ഒരുപോലെയാണല്ലോ അഭിനന്ദിച്ചത്. അതെന്താ അങ്ങനെ?'

ശിഷ്യന്റെ ചോദ്യം കേട്ട് ഗുരുദേവന്റെ ചുണ്ടിൽ ചിരി പൊട്ടി. അദ്ദേഹം പറഞ്ഞു. 'സൂര്യാ, വേദൻ അഞ്ചു ചെടികളെ നട്ടുള്ളൂ, ശരിതന്നെ. പക്ഷേ അവൻ നട്ട അഞ്ചു ചെടികളും വളർന്ന് നല്ല ശേഷിയുള്ള വൻവൃക്ഷങ്ങളാകും.'

'അതെങ്ങനെ?' സൂര്യൻ ഇടയ്ക്കുകയറി സംശയം ചോദിച്ചു.

'വേദൻ അതീവ ശ്രദ്ധയോടെ വിശാലമായ കുഴികൾകുത്തി ഏറ്റവും നല്ല തൈകൾ തെരഞ്ഞെടുത്താണ് നട്ടത്. എന്നാൽ നീ കയ്യിൽ കിട്ടിയതെല്ലാം വാരിവലിച്ചു അലസമായി കുഴിച്ചിട്ടു. നോക്കൂ, ഈ ഇരുപതിൽ അഞ്ചെണ്ണമേ നന്നായി വളർന്നു വരൂ.' ഗുരുദേവൻ വിശദമാക്കി.

'അങ്ങു പറയുന്നത് സത്യമാണോ ഗുരുദേവാ?'സൂര്യൻ വീണ്ടും ഗുരുമുഖത്തേക്കു നോക്കി.

'അതേ സൂര്യ, സംശയിക്കേണ്ട. ജ്ഞാനക്കണ്ണുകൊണ്ട് എല്ലാം മനസ്സിലാക്കിയിട്ടാണ് ഞാനിതു പറയുന്നത്. നാം ഓരോ പ്രവൃത്തി ചെയ്യുമ്പോഴും ശ്രദ്ധയും സൂക്ഷ്മതയും വേണം. അല്ലാതെ വന്നാൽ പിന്നോക്കം പോകും.'

വൈശാഖ ഗുരുവിന്റെ ഉപദേശം സൂര്യൻ ശിരസാവഹിച്ചു. അവന്റെ ശിരസ്സ് താനേ കുനിഞ്ഞു. കൂടുതൽ ജോലി ചെയ്യുന്നതിലല്ല; ചെയ്യുന്ന ജോലി പൂർണ്ണശ്രദ്ധയോടെ ചെയ്യുന്നതിലാണ് വിജയം കുടികൊള്ളുന്നതെന്ന് അവന് മനസ്സിലായി. ഈ ശ്രദ്ധയാണ് ഏതു കാര്യത്തിലും നമുക്കും ഉണ്ടാകേണ്ടത്.

# വി.ആർ.കൃഷ്ണയ്യർ

ലേക്ക് നയിക്കുകയും ചെയ്തു. കെട്ടിക്കിടക്കുന്ന കേസുകൾ ജുഡീഷ്യറിയുടെ അന്തസ്സിനു കളങ്കമാണെന്നും കൃത്യനിർവ്വഹണത്തിനു വീഴ്ച വരുത്തുന്ന ജഡ്ജിമാരോടു ചോദിക്കാനും പറയാനും ആരുമില്ലെന്നുള്ള അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകണമെന്നും അദ്ദേഹം ആഗ്രഹിക്കുകയും പല വേദികളിലും പറയുകയുമുണ്ടായി.

മൂന്നു യാത്രാവിവരണങ്ങൾ ഉൾപ്പെടെ നൂറോളം ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. നിയമഗ്രന്ഥങ്ങളും വിധിയുമായി ബന്ധപ്പെട്ട പഠനഗ്രന്ഥങ്ങളുമാണ് ഏറെയും. യു.എസ്. കോൺഗ്രസ് ലൈബ്രറിയിൽ 71 പുസ്തകങ്ങളുണ്ടെന്ന് അദ്ദേഹത്തിന്റെ ഒരമേരിക്കൻ സുഹൃത്ത് എഴുതിയറിയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിധികൾ ഗവേഷണവിഷയങ്ങളായിട്ടുണ്ട്. 93 -ാം വയസ്സിൽ പ്രസിദ്ധീകരിച്ച ആത്മകഥയാണ് 'വാൻഡറിംഗ് ഇൻ മെനി വേൾഡ്സ്'. ജീവിതത്തിന്റെ ജയപരാജയങ്ങളെ കാവ്യാത്മകമായി അതിൽ അവതരിപ്പിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചും ഒരു പുസ്തകം രചിച്ചിട്ടുണ്ട്. 1966ൽ വിവർത്തനം ചെയ്ത കൃതിയാണ് കാറൽ മാക്സിന്റെ 'മൂലധനം'.

1999ൽ രാഷ്ട്രം പത്മവിഭൂഷൺ നൽകി ആദരിച്ചു ഒട്ടേറെ പുരസ്കാരങ്ങളും അവാർഡുകളും തേടിയെത്തിയിട്ടുണ്ട്. വി.ആർ.കൃഷ്ണയ്യരെക്കുറിച്ച് പത്തോളം കൃതികൾ വിവിധ ഭാഷകളിലുണ്ടായിട്ടുണ്ട്. പി.കൃഷ്ണസ്വാമി രചിച്ച വി.ആർ.കൃഷ്ണയ്യർ- ദി ലിവിങ് ലജന്റ്, ഇ.എക്സ്.ജോസഫ് എഴുതിയ കൃഷ്ണയ്യർ-സ്പ്ലെൻഡർ ഓഫ് ഹ്യുമാനിസം ആന്റ് ജസ്റ്റീസ് എന്നിവ അവയിൽ പ്രസിദ്ധങ്ങളാണ്.

1984ൽ അമേരിക്കയിൽ വെച്ച് ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ഭാര്യ ശാരദ മരിച്ചു.

പരിസ്ഥിതിസംരക്ഷണം, സ്ത്രീവിമോചനപ്രസ്ഥാനം, ജനാധിപത്യസംരക്ഷണം, സ്പോർട്സ്, കലാവിജ്ഞാനം, നിയമവേദി തുടങ്ങി ഒട്ടുവളരെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംഘടനയുടെ രക്ഷാധികാരിയോ പ്രസിഡന്റോ ആയി പ്രവർത്തിച്ചു. നീതിയുമായി ബന്ധപ്പെട്ട ഏതു കാര്യങ്ങൾക്കും വി.ആർ.കൃഷ്ണയ്യർ നേതൃത്വം വഹിച്ചു.

യുദ്ധങ്ങൾക്കും കലാപങ്ങൾക്കും എതിരെ പ്രതികരിച്ചു. മുറിവേറ്റവർക്കൊപ്പം നിന്നു. ബാബറി മസ്ജിദ് സംഘർഷമേഖലയായപ്പോൾ ഹിന്ദു മുസ്ലിം സൗഹൃദത്തിനുവേണ്ടി രൂപീകരിച്ച ഫോറം ഫോർ ഡെമോക്രസി ആന്റ് കമ്യൂണൽ അമിനിറ്റിയിൽ പ്രവർത്തിച്ചു. വംശഹത്യ നടന്ന ഗുജറാത്തിലേക്ക് ജനകീയ അന്വേഷണ സമിതിയോടൊപ്പം പോയി. ലഹള പ്രദേശങ്ങളിൽ ശാന്തിയാത്ര നടത്തി. സാമുദായിക കലാപങ്ങൾക്കിടയിൽ സ്നേഹദൂതനായി സഞ്ചരിച്ചു. മതാചാര്യന്മാരെയും നേതാക്കളെയും ഒന്നിപ്പിക്കുവാൻ വേണ്ടി ഇന്റർഫെയ്ത് ഡയലോഗ് സെന്ററിന്റെ പ്രവർത്തനത്തിലും അവരൊടൊപ്പമുണ്ടായിരുന്നു. അന്താരാഷ്ട്ര നിയമവേദികളുടെ നേതൃത്വത്തിൽ നടന്ന സമ്മേളനങ്ങളിൽ വി.ആർ.കൃഷ്ണയ്യർ പങ്കെടുക്കുകയുണ്ടായി.

എറണാകുളം എം.ജി.റോഡിലുള്ള സദ്ഗമയ സൗജന്യ നിയമ സഹായ വേദിയായിരുന്നു. നീതിതേടിയെത്തുന്നവർക്ക് പിൻതുണ നൽകി ഉന്നതങ്ങളിലിരിക്കുന്നവരുമായി ഫോണിൽ ബന്ധപ്പെട്ട് പരിഹാരം കാണുവാനുള്ള സാഹചര്യം അവിടെയുണ്ടായിരുന്നു.

2014 ഡിസംബർ 4ന് 99-ാമത്തെ വയസ്സിൽ അന്തരിച്ചു. നീതിന്യായപരിജ്ഞാനം കൊണ്ട് അപഗ്രഥനശേഷിയും ഉൾക്കാഴ്ചയും പൗരബോധവും നൽകിയ നീതിപീഠത്തിലെ അതുല്യപ്രതിഭയായിരുന്നു വി.ആർ.കൃഷ്ണയ്യർ.



## ഭ്രഷ്ടതു തുടരുന്നയ്യോ കഷ്ടം

**ജെ.ഉണ്ണിക്കൃഷ്ണക്കുറുപ്പ് മാവേലിക്കര**

ഭാഷകൾ കന്നട തമിഴു തെലുങ്കിനു
ശേഷം മലയാളത്തിനുമിപ്പോൾ
ശ്രേഷ്ഠപദവിലഭിച്ചെന്നാലും
ഭ്രഷ്ടതു തുടരുന്നയ്യോ കഷ്ടം.

ഭരണതലത്തിൽ ഭാഷയതിന്നും
സാധാരണമായ്ത്തീർന്നിട്ടില്ല
റിപ്ലേ വന്നാലപ്പോളാകാം
കൺസന്റുടനതു വാങ്ങിക്കേണം
രണ്ടു റിമൈന്റയച്ചെന്നാലും
അക്കമ്പനിമെന്റെത്തീട്ടില്ല
ഫയലതുപുട്ടപ്പായാലുടനെ
ഒട്ടെല്ലാമതു പണ്ടേപ്പോലെ
നോ സ്മോക്കിങ്ങും സൈലൻസ് പ്ലീസും
ഓഫീസ്സേർസ്സിൻ കാൺഫ്രൻസ്സുകളും
ഐ.എ.എസ്സിനു ചേർന്നൊരു ശൈലി-
യതിന്നും ഫയലിൽ തുടരുക തന്നെ.
സർക്കാർ ഖജനാവവിടെച്ചെന്നാൽ
പണമട ചെല്ലാനിംഗ്ളീഷിന്നും
എന്തേയതിനുടെ പ്രതികളും വല്ലോം
അന്താരാഷ്ട്രതലത്തിൽ പോണോ?

സായിപ്പൻമാർപോയിട്ടിപ്പോൾ
വർഷമതറുപത്തേഴെന്നാലും
നാട്ടിൽ ജനിച്ചു വളർന്നൊരു വക്കീൽ
കോർട്ടിൽ പറയണതിംഗ്ലീഷിന്നും
കയ്യുംകെട്ടി കൂട്ടിൽ നിൽക്കും
കൂട്ടർക്കൊന്നും പിടിയില്ലേലും
യുവറോണർവിളി എന്നതിലുപരി
ക്ളൈന്റും പ്ളെയിന്റും റെസ്പോണ്ടന്റും
കക്ഷികളാർക്കുമിതുൾക്കൊള്ളാനായ്
മലയാളം മതി എന്നാക്കരുതോ?

പള്ളിക്കൂടമതവിടെച്ചെന്നാൽ
കോൺവർസേഷനതിംഗ്ളീഷ് മാത്രം
മലയാളപ്പദമവിടെ കേട്ടാൽ
തലയതു മൊട്ടയടിച്ചെന്നാകും
ചായക്കടകളതെല്ലാം മാറി
റ്റീ ഷോപ്പുകളും റസ്റ്റാറണ്ടും
ഫാസ്റ്റിൻ ഫുഡ്ഡു ലഭിക്കും ഷോപ്പതു
നാട്ടിലു മുക്കിൻ മൂലയിലെവിടേം
ഹോട്ടലു ബേക്കറി അവിടെച്ചെന്നാൽ
റോസ്റ്റഡു ബ്രഡ്ഡും സാലഡ് സോസ്സും
മത്തി വറുത്തതു കിട്ടണമെങ്കിൽ
ഫിഷ് ഫ്രൈ എന്നു പറഞ്ഞേ പറ്റൂ
എഴുതാനറിയില്ലെങ്കിൽപോലും
ഗുഡ്മോണിങ്ങതു കണ്ടാലപ്പോൾ
ഓക്കെ, ബൈ, ബൈ, റ്റാറ്റാ, സീയൂ
യാത്രയയപ്പിൻ ഭാഷ്യമതിങ്ങനെ

അമ്മിഞ്ഞക്കുടി മുറ്റാപ്പിള്ളേർ
മമ്മീ എന്നു വിളിച്ചീടേണം
അങ്കിളുമാന്റീം മാഡം വിളികൾ-
ക്കെന്തൊരു പ്ളീസ്സിങ്ങെല്ലാവർക്കും
കല്ല്യാണക്കുറിപോലുമതിവിടെ
എല്ലാമിംഗ്ളീഷ് ഭാഷയിലിപ്പോൾ
ഇബ്ഭാഷാദ്ധ്യാപകശ്രേഷ്ഠർ പോലും
കാട്ടും ഭാഷാ ഭ്രഷ്ടുകളിങ്ങനെ
എന്തിന്, സിനിമാ പേരതുപോലും
ഹാപ്പി ന്യൂ ഇയർ, റിംഗ് മാസ്റ്റേർസും

മലയാളത്തിനു ശ്രേഷ്ഠപ്പദവി
സർക്കാർ കൊട്ടിഗ്ഘോഷിക്കുമ്പോൾ
പണ്ടേപ്പോലതു സംഗതി പലതും
കണ്ടില്ലെന്നു നടിക്കുകതന്നെ
ശ്രേഷ്ഠപദവിക്കെതിരേയിപ്പോൾ
കോടതിതന്നിൽ കേസുമതായി
എന്തേയിതിനൊരു മോചനമേകാൻ
എന്തുജനങ്ങളു ചെയ്തീടേണ്ടൂ?

